# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടമക്കുടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ ഇ കെ എം.(പി10)1098/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 29/11/2025
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടമക്കുടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ ഇ കെ എം.(പി10)1098/25 തീയ്യതി: 29/11/2025

## എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനു.പി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2025 | 18-09-2025 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-09-2025 | 18-09-2025 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി കവിതാദേവി വി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. പ്രസാദ് പി ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ബെറ്റ്സി സി എക്സ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ടിനു കെ ജെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മേരി വിൻസെന്റ് എൻ ജി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.നവീൻ രാജൻ | സെക്രട്ടറി | 01-04-2024 | 31-03-2025 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുഭിത നായർ സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി ഐശ്വര്യ ബി സിങ്ങ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 31-03-2025 |
| ഡോ.ശ്രീലാൽ എസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2024 | 31-03-2025 |
| ഡോ.സുജ ജോൺ എം | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീ അനൂപ് എസ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ആഷ ബെറ്റ്സി എം എ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീ സജി കെ | വി. ഇ. ഒ (കോതാട് സർക്കിൾ) | 01-04-2024 | 31-03-2025 |
| ശ്രീ മനോജ് ടി ആർ | വി. ഇ. ഒ (കടമക്കുടി സർക്കിൾ) | 01-04-2024 | 31-03-2025 |
| ശ്രീമതി ഷൈമ ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 22-07-2024 |
| ശ്രീമതി ബിന്ദുജ..കെ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 23-07-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി അളക ആർ ബാബു | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 19-02-2025 |
| ശ്രീമതി ദിവ്യ ടി ബാബു | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 20-02-2025 | 31-03-2025 |
| ശ്രീമതി സീന കെ കെ | എച്ച്.എം (അധിക ചുമതല), ജി.വി.എച്ച്.എസ്.എസ് കടമക്കുടി | 01-04-2024 | 19-04-2024 |
| ശ്രീമതി മിനിമോൾ വി വി | എച്ച്.എം - ജി.വി.എച്ച്.എസ്.എസ് കടമക്കുടി | 20-04-2024 | 18-06-2024 |
| ശ്രീമതി നിഖിത എസ് ആർ | എച്ച്.എം (അധിക ചുമതല), ജി.വി.എച്ച്.എസ്.എസ് കടമക്കുടി | 19-06-2024 | 15-10-2024 |
| ശ്രീമതി പ്രമീള കെ പി | എച്ച്.എം, ജി.വി.എച്ച്.എസ്.എസ് കടമക്കുടി | 16-10-2024 | 31-03-2025 |
| ഡോ.ദിവ്യ യശോധരൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-03-2025 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത. | 1-1-2 |
| 4 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | സംയുക്ത പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് വിഹിതം - വാർഷിക ധനകാര്യ പത്രികയിലെ ചെലവും സുലേഖ ചെലവ് പത്രികയിലെ തുകയും തമ്മിൽ വ്യത്യാസം | 1-1-4 |
| 6 | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ഫണ്ട് - ക്യാപിറ്റൽ കോൺട്രിബ്യൂഷനായി ചെലവ് അക്കൗണ്ട് ചെയ്തു. | 1-1-5 |
| 7 | പ്രോജക്ടുകൾ പ്രകാരം ചെലവായ തുക സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | വഴി സൗകര്യം ഇനത്തിൽ വർദ്ധനവ് നൽകാതെ വാണിജ്യ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചു. | 1-10 |
| 17 | ലൈസൻസും കെട്ടിടനമ്പറും ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-11 |
| 18 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല. | 1-12 |
| 19 | തനത് വരുമാനം കുടിശ്ശിക - രേഖകൾ ലഭ്യമായില്ല. | 1-13 |
| 20 | ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും സാമൂഹ്യ സുരക്ഷാപെൻഷൻ അക്കൗണ്ട് ആക്ടീവായി നിലനിർത്തി തുക കൈമാറി | 1-14 |
| 21 | ഗ്രാന്റ് വിഹിതം യഥാസമയം വിനിയോഗിച്ചില്ല : ₹20,46,701/- രൂപ നഷ്ടമായി. | 1-15 |
| 22 | പൊതുടാപ്പുകളുടെ വെള്ളക്കരം - കുടിശ്ശിക കുറക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-16 |
| 23 | ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ പ്രോജക്റ്റുകൾ- വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കാതെ വിതരണം | 1-17 |

| | | |
|---|---|---|
| | ചെയ്തു | |
| 24 | വിവിധ അങ്കണവാടികളുടെ മെയിന്റനൻസ്- പൂർത്തീകരിച്ചില്ല | 1-18 |
| 25 | മരാമത്ത് പ്രവൃത്തിക്ക് ഇൻഷുറൻസ് എടുത്തതിന്റെ രേഖകളില്ല- പിഴ ഈടാക്കിയില്ല. | 1-19 |
| 26 | യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല. | 1-20 |
| 27 | പൂർത്തീകരണ കാലാവധി നീട്ടിയതിനുള്ള പിഴ ഈടാക്കിയില്ല | 1-21 |
| 28 | ഗുണഭോക്തൃവിഹിതം മുഴുവനായും പിരിച്ചെടുത്തിട്ടും പ്രോജക്ട് പൂർണ്ണമായ ലക്ഷ്യം കൈവരിച്ചിട്ടില്ല. | 1-22 |
| 29 | തെരുവ് വിളക്ക് പരിപാലനം-അധിക തുക നൽകി | 1-23 |
| 30 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല - ₹1210811/- തടസ്സപ്പെടുത്തുന്നു | 1-24 |
| 31 | ഡ്രൈവർമാക്ക് യാത്രബത്ത അനുവദിച്ചത് നിയമാനുസൃതമല്ല | 1-25 |
| 32 | ലഭ്യമായ ഫണ്ടുകൾ കാര്യക്ഷമമായി ഉപയോഗിച്ചിട്ടില്ല. | 1-26 |
| 33 | വാഹനപരിപാലനം-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. | 1-27 |
| 34 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം-ശുചിത്വ മിഷനിൽ നിന്നും വിഹിതം ലഭ്യമായിട്ടില്ല. | 1-28 |
| 35 | മോഡേൺ ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം -ചെലവു ക്രമീകരണം വ്യക്തമല്ല | 1-29 |
| 36 | ലൈഫ് ഭവന നിർമ്മാണ പ്രോജക്ടുകൾ - സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് | 1-30 |
| 37 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-31 |
| 38 | ജൽജീവൻ മിഷൻ -അവലോകനം | 1-32 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | തെരുവ് വിളക്ക് പരിപാലനം-അധിക തുക നൽകി | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-4 |

| | | |
|---|---|---|
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ / വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 01.07.2025 ലെ 1(1) -ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 04.07.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : എറണാകുളം

തീയതി: 29.11.2025

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത്

രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്)) ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase /Decrease In Cash And Cash Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹96,81,025.00 ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് -₹46,75,140.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി കണക്കുകൾ വാർഷിക ധനകാര്യ പത്രിക, സഞ്ചയ എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

### 1-1-4 സംയുക്ത പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് വിഹിതം - വാർഷിക ധനകാര്യ പത്രികയിലെ ചെലവും സുലേഖ ചെലവ് പത്രികയിലെ തുകയും തമ്മിൽ വ്യത്യാസം

സംയുക്ത പ്രോജക്ട് - ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് സുലേഖ ചെലവ് പത്രിക പ്രകാരം ₹49,04,542/- രൂപയാണ്. വാർഷിക ധനകാര്യ പത്രിക ചെലവ് വിവരങ്ങൾ പ്രകാരം ആയത് ₹48,60,492 രൂപയാണ് (റവന്യൂ ചെലവ് - ₹35,19,603/- + ക്യാപിറ്റൽ കോൺട്രിബ്യൂഷൻ - ₹13,40,889/-). ₹44,050/- രൂപയുടെ വ്യത്യാസമുണ്ട്.

### 1-1-5 മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ഫണ്ട് - ക്യാപിറ്റൽ കോൺട്രിബ്യൂഷനായി ചെലവ് അക്കൗണ്ട് ചെയ്തു.

മെയിന്റനൻസ് ഗ്രാന്റ് ഫണ്ടിൽ നിന്നും മെയിന്റനൻസ് പ്രവൃത്തികൾക്കാണ് തുക വിനിയോഗിക്കാവുന്നത്. മെയിന്റനൻസിന് വേണ്ടി വരുന്ന ചെലവുകൾ റവന്യൂ ചെലവായാണ് അക്കൗണ്ട് ചെയ്യേണ്ടത് എന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ഫണ്ടിൽ ഓഡിറ്റ് വർഷം ആകെ ചെലവഴിച്ച ₹15,83,819ൽ പ്രോജക്ട് നമ്പർ – 136/25- വിവിധ അങ്കണവാടികൾക്ക് പാത്രങ്ങൾ, ഫർണ്ണീച്ചർ വാങ്ങൽ പ്രോജക്ടിന് ചെലവായ ₹36,960/- രൂപ ക്യാപിറ്റൽ കോൺട്രിബ്യൂഷനായാണ് അക്കൗണ്ട് ചെയ്തത്.

### 1-1-6 പ്രോജക്ടുകൾ പ്രകാരം ചെലവായ തുക സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയില്ല.

താഴെ ചേർത്ത പ്രോജക്ടുകൾക്ക് ചെലവായ തുക സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയില്ല. ആയതിനാൽ ബന്ധപ്പെട്ട ഫണ്ടുകളുടെ വാർഷികധനകാര്യ പത്രിക പ്രകാരമുള്ള ചെലവും സുലേഖ പ്രകാരമുള്ള ചെലവും തമ്മിൽ വ്യത്യാസമുണ്ട്.

| പ്രോജക്ട് നമ്പർ, പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫണ്ടിനം | ചെലവായ തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| 82/2025 – ക്രിമറ്റോറിയം റോഡ് ഡ്രെയ്നേജ് – കവറേജ് സ്ലാബ് ഉൾപ്പടെ – വാർഡ് – 1 | അസിസ്റ്റന്റ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി | മെയിന്റനൻസ് ഫണ്ട്- റോഡ് | ₹1,28,234/- | 43/09-05-2024 |
| 14/2025 – മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | വികസനഫണ്ട് ജനറൽ - പൊതുവിഭാഗം സാധാരണ | ₹3,82,503/- | 19/09-05-2024 |

| | | വിഹിതം | | |
|---|---|---|---|---|

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 07.02.2024 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി 25.02.2025 ലെ 3-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് എസ്റ്റിമേറ്റ് | | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| മുന്നിരുപ്പ് | ₹11,37,028 | ₹11,37,028 |
| വരവ് | ₹25,61,32,740 | ₹22,46,10,922 |
| ആകെ | ₹25,72,69,768 | ₹22,57,47,950 |
| ചെലവ് | ₹25,51,40,740 | ₹22,19,25,397 |
| നീക്കിയിരുപ്പ് | ₹21,29,028 | ₹38,22,553 |

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹1,80,55,721.15 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹4,54,19,068 |
| ആകെ | : | ₹6,34,74,789.15 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹3,57,38,043 |
| നീക്കിയിരുപ്പ് | : | ₹2,77,36,746.15 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ വരവ് ചെലവ് കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ട്രഷറി മുഖേന ലഭിയ്ക്കുന്ന ഗ്രാന്റ്, ഗുണഭോക്താക്കൾക്ക് സർക്കാർ നേരിട്ട് കൈമാറുന്ന സാമൂഹ്യ ക്ഷേമ പെൻഷൻ, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ വരവ് ചെലവ് കണക്കുകൾ തുടർന്ന് വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11349000 | 11349000 | 10614529 | 0 | 734471 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 2900000 | 2900000 | 2006975 | 0 | 893025 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 9802000 | 9802000 | 6025318 | 0 | 3776682 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 0 | 2307000 | 2307000 | 1583819 | 0 | 723181 |
| സി.എഫ്.സി ഗ്രാന്റ്-ബേസിക്ക് (ബാങ്ക്) | 2303513 | 2078611 (പലിശ 166611 ഉൾപ്പെടെ) | 4382124 | 748061 (ബാങ്ക് ചാർജ്ജ് 17 ഉൾപ്പെടെ) | 3634063 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സി.എഫ്.സി ഗ്രാന്റ്-ബേസിക്ക് (ട്രഷറി) | 0 | 486480 | 486480 | 268200 | 0 | 218280 |
| സി.എഫ്.സി -ടൈഡ് ഗ്രാന്റ് (ബാങ്ക്) | 2110224 | 4225000 | 6335224 | 1181212 | 5154012 | 0 |
| സി.എഫ്.സി -ടൈഡ് ഗ്രാന്റ് (ട്രഷറി) | 0 | 1014133 | 1014133 | 962837 | 0 | 51296 |
| Basic Services To The Urban Poor (320100108) | 1544606.60 | 43032 | 1587638.60 | 0 | 1587638.60 | 0 |
| Other Schemes (320100152) | 100000 | 0 | 100000 | 100000 | 0 | 0 |
| Rural Housing – Housing For All(320100160) | 106759 | 1308944 | 14415703 | 810000 | 605703 | 0 |
| നിർമ്മൽ പുരസ്കാർ (320100191) | 500367 | 0 | 500367 | 0 | 500367 | 0 |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് (320100192) | 0 | 200000 | 200000 | 0 | 200000 | 0 |
| Grants/Funds For Pandemic/Epidemic Control (320100195) | 80796 | 2252 | 83048 | 0 | 83048 | 0 |
| ഐ.സി.ഡി.എസ് (320100196) | 498591 | 452709 | 951300 | 790768 | 160532 | 0 |
| Literacy Scheme Grant (320100197) | 40235 | 1546 | 41781 | 17365 | 24416 | 0 |
| ശുചിത്വ മിഷൻ ഗ്രാന്റ് (320100198) | 256426 | 0 | 256426 | 236724 | 19702 | 0 |
| BEST PANCHAYATH AWARD FROM STATE GOVERNMENT-DISTRICT LEVEL (320100198) | 200000 | 0 | 200000 | 0 | 200000 | 0 |
| Grant For Specific Purposes- Health Grant Towards Support For Diagnostic Infrastructure To The PHCs (320100202) | 11316 | 308090 | 319406 | 117529 | 201877 | 0 |
| Grant For Specific Purposes- Health Grant Towards Buildingless Subcentres PHCs & CHCs (320100203) | 2797392 | 77934 | 2875326 | 2775000 | 100326 | 0 |

| | | | | | | |
|---|---|---|---|---|---|---|
| Grant For Specific Purposes- Health Grant Towards Conversion Of PHCs And Subcentres Into Health & Wellness Centres (320100204) | 4638 | 551799 | 556437 | 111586 | 444851 | 0 |
| Grants, Funds & Contributions For Specific Purposes – Other Than Development Fund & State Sponsored Scheme Funds –Other Purposes (320200399) | 229133 | 6384 | 235517 | 0 | 235517 | 0 |
| Grants, Funds & Contributions For Specific Purposes – Other Government Agencies (320300199) | 20669 | 50000 | 70669 | 50000 | 20669 | 0 |
| Grants, Funds & Contributions For Specific Purposes – Other Financial Institutions (320400199) | 313310 | 5997 | 319307 | 317621 | 1686 | 0 |
| Grants, Funds & Contributions For Specific Purposes – Welfare Bodies – Capital (320500101) | 1845424 | 0 | 1845424 | 0 | 1845424 | 0 |
| Other Grants, Funds & Contributions For Specific Purposes – Capital (320800199) | 594979.25 | 16577 | 611556.25 | 0 | 611556.25 | 0 |
| Donations Related To Pandemic/Epidemic Control (320900102) | 37387 | 1042 | 38429 | 0 | 38429 | 0 |

*കുറിപ്പ്:*

- വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്തവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹1510372/- ഉൾപ്പെടുന്നുണ്ട്.
- മെയിന്റനൻസ് ഫണ്ട് – റോഡിതരം ചെലവ്, ₹1546859/- റവന്യൂ ചെലവും ₹36960/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

.സി.എഫ്.സി. ബേസിക് ഗ്രാന്റ് (ബാങ്ക്) ചെലവ്, ₹348267/- റവന്യൂ ചെലവും ₹399794 മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

.സി.എഫ്.സി.ടൈഡ് ഗ്രാന്റ് (ബാങ്ക്) ചെലവ്, ₹6335224 റവന്യൂ ചെലവും ₹1181212 മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 181 | ₹11,31,99,847* | ₹3,90,11,754 | 78 | 56 | 47 | 43.09% |

*പദ്ധതി അടങ്കൽ ജി.ഒ പ്രോജക്ട് പ്രകാരം ഉത്ഭവത്തിൽ കുറവ് ചെയ്ത ₹15,10,372/- ഉൾപ്പെടെ.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 7,21,624 | 7,21,624 | 7,21,604 | 20 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,02,47,503 | 2,02,47,503 | 2,02,47,503 | 0 |
| ആകെ | 0 | 2,09,69,127 | 2,09,69,127 | 2,09,69,107 | 20 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 49,16,800 | 306 |
| വിധവാപെൻഷൻ | 78,35,200 | 523 |
| വാർദ്ധക്യകാല പെൻഷൻ | 2,21,31,700 | 1703 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 29,02,800 | 192 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 7,19,200 | 47 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 60,000 | 2 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.09.2025 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29,475/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ഗ്രാമപഞ്ചായത്തിൽ പ്രോജക്ടുകൾ കുറച്ചുകൂടി കാര്യക്ഷമമായ രീതിയിൽ നടപ്പിലാക്കേണ്ടതുണ്ട്. സെക്രട്ടറിയെ നിർവ്വഹണം ചുമതലപ്പെടുത്തിയിരുന്ന പ്രോജക്ടുകളിൽ കാലിക പ്രസക്തിയുള്ളവപോലും തൻവർഷം നടപ്പിലാക്കിയില്ല.

2. ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്.

3. നിർവ്വഹണം നടന്നിട്ടുള്ള ചില പ്രൊജക്റ്റുകളുടെ ചെലവ് വിവരം, ഓഡിറ്റിന് ആധാരമാകുന്ന പ്രധാനരേഖയായ സുലേഖ ചെലവ് പത്രികയിൽ പൂർണ്ണമായും രേഖപ്പെടുത്താതെ കാണുന്നുണ്ട്. ആയത് ശ്രദ്ധിക്കേണ്ടതാണ്.

4. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി എല്ലാ വർഷങ്ങളിലും തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികൾ യഥാസമയം പൂർത്തീകരിക്കപ്പെടുന്നില്ല. പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

5. ഓഡിറ്റ് വർഷത്തെ വൗച്ചറുകൾ മികച്ച രീതിയിൽ സൂക്ഷിച്ചിട്ടുണ്ട്. ഓരോ വൗച്ചറിന്റെയും വിവരങ്ങൾ ബിൽ രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തുന്നുണ്ട്.

6. ടൂറിസം മേഖലയിൽ വൻ കുതിച്ചുചാട്ടത്തിന് ഒരുങ്ങിനിൽക്കുന്ന ഒരു പ്രദേശമാണ് കടമക്കുടി. ഈ മേഖലയിൽ ഉണ്ടാകുന്ന വികസനത്തിന് ആനുപാതികമായി പഞ്ചായത്തിന് കൂടി വരുമാനവർധനവ് ഉണ്ടാകുന്ന രീതിയിൽ പ്രവർത്തനങ്ങൾ ആവിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

7. മാലിന്യസംസ്കരണം, റോഡ് കണക്ടിവിറ്റി, ശുദ്ധജല ദൗർലഭ്യം എന്നീ മേഖലകളിലാണ് പ്രധാനമായും കടമക്കുടിയിലെ ജനങ്ങൾ ബുദ്ധിമുട്ടുകൾ നേരിടുന്നത്. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പ്രസ്തുതമേഖലകൾക്ക് ഊന്നൽ നല്കാവുന്നതാണ്.

8. ഗുണഭോക്താക്കൾ മരണപ്പെട്ടത് ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്ത ശേഷവും ഇവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ അക്കൗണ്ട് ആക്ടീവാക്കി നിലനിർത്തി വാർധക്യകാല പെൻഷൻതുക അനുവദിച്ചിട്ടുണ്ട്. അനർഹരായ ഗുണഭോക്താക്കളുടെ സാമൂഹ്യ സുരക്ഷാപെൻഷൻ അക്കൗണ്ട് യഥാസമയം സസ്പെന്റ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 വഴി സൗകര്യം ഇനത്തിൽ വർദ്ധനവ് നൽകാതെ വാണിജ്യ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചു.

അനോജ് ഫ്രാൻസിസ്, മുഴങ്ങുംതറ, കോരാമ്പാടം, കോതാട് പി.ഒ, എന്നയാളുടെ 857.41 ച.മീ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം വിഭജിച്ച് 2019 മുതൽ 2023 വരെ 19 നമ്പറുകൾ നൽകിയിട്ടുണ്ട് (6/160/A, 6/160/B, 6/160/C, 6/160/D, 6/160/E, 6/160/F, 6/160/G, 6/160/H, 6/160/I, 6/160/J, 6/160/K, 6/160/L, 6/160/M, 6/160/N, 6/160/O, 6/160/P, 6/160/Q, 6/160/Q1, 6/160/Q2). 6/160/A മുതൽ 6/160/Q വരെയുള്ള കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്ന ഉപയോഗ ക്രമവും 6/160/Q1, 6/160/Q2 വാണിജ്യാവശ്യം- 100 ച.മീ വരെയുള്ളവ എന്ന ഉപയോഗക്രമം നൽകി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. ഈ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടങ്ങൾക്ക് കളമശ്ശേരി - വല്ലാർപാടം കണ്ടെയ്നർ റോഡിനോട് ചേർന്നുള്ള 5.8 മീറ്റർ വീതിയുള്ള സർവ്വീസ് റോഡിൽ നിന്നും പ്രവേശനമുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 പട്ടിക 2 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം ഉള്ള കെട്ടിടങ്ങൾക്ക് കെട്ടിടത്തിലേക്കുള്ള വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് ചെയ്യേണ്ടതാണ്. എന്നാൽ മേൽ കെട്ടിടങ്ങൾക്ക് ഈ വർദ്ധനവ് നൽകാതെയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. വഴി സൗകര്യം ഇനത്തിൽ വർദ്ധനവ് നൽകാത്തതിനാൽ പ്രതിവർഷം 10000/- രൂപയിൽ കൂടുതൽ വസ്തുനികുതി നഷ്ടം ഈ കെട്ടിടങ്ങളിൽ നിന്നുണ്ടാകുന്നുണ്ട്. അപാകം സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/12-09-2025) മറുപടി ലഭ്യമായില്ല. മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി ശരിയായി നിർണ്ണയിച്ച് കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 ലൈസൻസും കെട്ടിടനമ്പറും ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ താഴെ ചേർത്ത സ്ഥാപനങ്ങൾ I.F.T.E & O.S ലൈസൻസ്, കെട്ടിട നമ്പർ എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ട്വിലൈറ്റ് കഫേ, പിഴല |
| 2 | ദ കോർണർ കഫേ, പിഴല |
| 3 | ഗ്രീൻ കഫേ, പിഴല |
| 4 | കടമക്കുടി പുനർജനി |
| 5 | ജോൺസ് ഹാവെൻ, കടമക്കുടി |
| 6 | പിഴല പൊക്കാളി ടൂറിസം |
| 7 | ബെൻസ് ഹോളിഡേയ്സ് |

ഈ സ്ഥാപനങ്ങളിൽ ഭക്ഷ്യവസ്തുക്കൾ നിർമ്മിച്ച് വിപണനം ചെയ്യുന്നുണ്ട്. ഈ സ്ഥാപനങ്ങൾക്ക് I F T E & O S ലൈസൻസ്, കെട്ടിട നമ്പർ എന്നിവ അനുവദിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നും കെട്ടിടനമ്പറും, ലൈസൻസും ഇല്ലാതെ പ്രവർത്തിച്ചിട്ടും ഇവയ്ക്കെതിരെ നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/17-09-2025) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ലൈസൻസ് ഇല്ലാതെയോ കെട്ടിടനമ്പർ ഇല്ലാതെയോ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയ്ക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204(1) എ(i), (Ii) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി അടവാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൻ വർഷം തൊഴിൽ നികുതി ഈടാക്കിയില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) I.F.T.E & O.S ലൈസൻസ് എടുത്ത താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

| ക്രമ നമ്പർ | സ്ഥാപനം | ലൈസൻസ് രജിസ്റ്ററിൽ ക്രമ നമ്പർ | കെട്ടിട നമ്പർ |
|---|---|---|---|
| 1 | SALON VIO, കോതാട് | 53 | 6/160/Q1, Q2 |
| 2 | ധാര ആയുർവേദിക് സ്പാ, കോതാട് | 97 | 7/10 |
| 3 | പിപിഎസ് ഗ്രൂപ്പ്, കോതാട് | 7 | 6/160/M |
| 4 | എസ് എസ് ഐ ബി ഇൻഫ്ര ബിൽഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, കോതാട് | 8 | 6/160/N |
| 5 | ഇൻടെക് അലൈൻമെന്റ് & മറൈൻ സർവ്വീസസ്, കോതാട് | 115 | 6/405/406 |
| 6 | ട്രൂ വാല്യൂ മെഡിക്കൽ ലാബ്, പിഴല | 36 | 11/89/A |
| 7 | ബയോ ടെക് മെഡിക്കൽ ലബോറട്ടറി, മൂലമ്പിള്ളി | 56 | 8/119 |
| 8 | ഹൈടെക് കമ്മ്യൂണിക്കേഷൻ, ചരിയംതുരുത്ത് | 74 | 2/109 |
| 9 | ക്ലിനോകെയർ ഡയഗ്നോസ്റ്റിക് സെന്റർ, കോതാട് | 83 | 6/240/C |
| 10 | ഡിവൈൻ ഡയഗ്നോസ്റ്റിക്സ് സെന്റർ, മൂലമ്പിള്ളി | 91 | 8/387 |

2) 2024-2025 സാമ്പത്തിക വർഷം വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.
3) ബെൻസ് ഹോളിഡേയ്സ് എന്ന സ്ഥാപനം ഗ്രാമപഞ്ചായത്തിൽ ഹോംസ്റ്റേ, ടൂറിസ്റ്റ് ബോട്ടിംഗ്, റസ്റ്റോറന്റ് കഫേ എന്നിവ നടത്തി പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
ആയത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/14-09-2025) മറുപടി ലഭ്യമായില്ല. മേൽ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. ഈ പരാമർശ പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുമ്പോൾ രസീതിൽ വർഷം 2024-2025 തെരഞ്ഞെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 തനത് വരുമാനം കുടിശ്ശിക - രേഖകൾ ലഭ്യമായില്ല.

വാർഷിക ധനകാര്യ പത്രികയിൽ B-15 ഷെഡ്യൂളിൽ Arrear ഇനത്തിൽ താഴെ ചേർത്ത തുകകൾ ലഭിക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഹെഡ് | കുടിശ്ശിക തുക |
|---|---|---|
| 1 | 431300299 - Receivables For Other User Charges (Arrears) | 1,58,932/- |
| 2 | 431409902 - Other Receivables (Arrears) | 80,000/- |

ഈ തുകകൾ ഏതിനത്തിൽ ലഭിക്കാനുള്ള കുടിശ്ശികയാണെന്നുള്ള വിവരങ്ങളും രേഖകളും ലഭ്യമാക്കേണ്ടതാണെന്നും, നാളിതുവരെയും ഈ കുടിശ്ശിക ഈടാക്കാത്തതിന് കാരണമെന്തെന്നും സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (13/14-09-2025) നൽകിയെങ്കിലും മറുപടിയോ രേഖകളോ ലഭ്യമായില്ല. ഈ കുടിശ്ശിക ഏത് വരവിനത്തിന്റേതെന്ന് കണ്ടെത്തി കുടിശ്ശിക ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-14 ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും സാമൂഹ്യ സുരക്ഷാപെൻഷൻ അക്കൗണ്ട് ആക്ടീവായി നിലനിർത്തി തുക കൈമാറി

ഗ്രാമപഞ്ചായത്തിൽ ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും സാമൂഹ്യ സുരക്ഷാപെൻഷൻ അനുവദിച്ചിട്ടുണ്ട്. വിശദവിരങ്ങൾ താഴെ ചേർക്കുന്നു.

എ) ധനകാര്യ (എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ 03-08-2018 ലെ സ.ഉ. (എം.എസ്) നം. 278/2018/ധന നമ്പർ ഉത്തരവ് പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കാനും ഇത്തരത്തിൽ സർക്കാരിൽ നിന്നും അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക അനന്തരാവകാശികളിൽ നിന്നും തിരിച്ചു പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ.ഉ(എം.എസ്)നം.97/2020/ധന. തീയതി 23-09-2020 ഉത്തരവ് പ്രകാരം അനർഹമായി സാമൂഹ്യസുരക്ഷാപെൻഷൻ തുക കൈപ്പറ്റുന്ന പക്ഷം അത്തരക്കാരിൽ നിന്നും പ്രസ്തുത തുക തിരിച്ചുപിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 001101023000269 നമ്പർ അക്കൗണ്ടിലേക്ക് (IFSC Code KSBK0000101) തിരിച്ചടയ്ക്കേണ്ടതാണ്. കടമക്കുടി ഗ്രാമപഞ്ചായത്തിൽ ഗുണഭോക്താക്കൾ മരണപ്പെട്ടിട്ടും ഇവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ അക്കൗണ്ട് ആക്ടീവ് ആയി നിലനിർത്തി വാർദ്ധക്യകാല പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ ഡി/ ആധാർ നമ്പർ | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക |
|---|---|---|---|---|---|
| 1 | റോബർട്ട് | 106550400039/ | 28-02-2025 | 03/2025 മുതൽ | 8,000/- |

| | | | | | |
|---|---|---|---|---|---|
| | കൊട്ടുവേലിപ്പറമ്പിൽ, ചേന്നൂർ | 753410116323 | | 07/2025 വരെ (5 മാസം) | |
| 2 | അഗസ്റ്റിൻ കുട്ടൂസ്, കുടുവശ്ശേരി, മൂലമ്പിള്ളി | 106550200574/ 674039122656 | 18-03-2025 | 04/2025 മുതൽ 07/2025 വരെ (4 മാസം) | 6,400/- |
| 3 | വർക്കി ജോസഫ്, കൊട്ടുവേലിപ്പറമ്പിൽ, കോതാട് | 106550200574/ 674039122656 | 11-03-2025 | 04/2025 മുതൽ 07/2025 വരെ (4 മാസം) | 6,400/- |
| 4 | രാമൻ ഡി എം, ദേവസ്വംപറമ്പിൽ, കടമക്കുടി | 106550200666/ 217665005161 | 24-01-2025 | 02/2025 മുതൽ 07/2025 വരെ (6 മാസം) | 9,600/- |
| 5 | ജോസഫ് പി.ഒ, പൊക്കത്ത്, പിഴല | 106550200505 /445158831692 | 27-01-2025 | 02/2025 മുതൽ 07/2025 വരെ (6 മാസം) | 9,600/- |
| 6 | ജോസഫ് വി.ടി, വൈപ്പിശ്ശേരി, ചരിയംതുരുത്ത് | 106550200493/ 979760970929 | 23-12-2024 | 01/2025 മുതൽ 07/2025 വരെ (7 മാസം) | 11,200/- |
| ആകെ | | | | | 51,200/- |

ബി) താഴെ ചേർത്ത ഗുണഭോക്താക്കൾ മരണപ്പെട്ടിട്ടും ഇവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ അക്കൗണ്ട് ആക്ടീവ് ആയി നിലനിർത്തി വാർദ്ധക്യകാല പെൻഷൻ തുക ഡയറക്റ്റ് ടു ഹോം മുഖേന കൈമാറിയിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ ഡി/ ആധാർ നമ്പർ | മരിച്ച തീയതി | അനർഹമായ കാലയളവ് | ട്രാൻസാക്ഷൻ സ്റ്റാറ്റസ് |
|---|---|---|---|---|---|
| 1 | ഷാജി എസ് പി, ശാസ്താംപറമ്പിൽ, ചേന്നൂർ | 106550200478 /578436121884 | 11-03-2025 | 04/2025 മുതൽ 07/2025 വരെ (4 മാസം) | 04/25 മുതൽ 05/25 വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല, 06/25, 07/25 തുക സഹകരണ ബാങ്കിന് കൈമാറി. |
| 2 | ജോർജ്ജ് പി.ടി. പുത്തൻവീട്ടിൽ, മൂലമ്പിള്ളി പി. ഒ. | 106550200308/ 558898674299 | 30-12-2024 | 01/2025 മുതൽ 07/2025 വരെ (7 മാസം) | 01/25 മുതൽ 05/25 വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല, 06/25, 07/25 തുക സഹകരണ ബാങ്കിന് കൈമാറി. |
| 3 | ശാരദ, വെളുത്തേടത്ത്, കടമക്കുടി | 106550200416/ 926393754503 | 06-01-2025 | 02/2025 മുതൽ 07/2025 വരെ (6 മാസം) | 02/25 മുതൽ 05/25 വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല, 06/25, 07/25 തുക സഹകരണ ബാങ്കിന് കൈമാറി. |

ധനകാര്യ(എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ 05.11.2020 ലെ 67/2020/ധന. നമ്പർ സർക്കുലർ

പ്രകാരം മരണപ്പെടുന്നവരേയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തത് മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ മരണപ്പെട്ടത് റിപ്പോർട്ട് ചെയ്ത് ഡെത്ത് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചതിന് ശേഷവും പെൻഷൻ സസ്പെൻഡ് ചെയ്യാതെ ആക്ടീവ് ആയി നിലനിർത്തി തുക കൈമാറിയതിന് വിശദീകരണം നൽകേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(14/14-09-2025) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ഇവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്ത് അനർഹമായി നൽകിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടിലേക്ക് തിരികെ അടവാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

സി) ധനകാര്യ വകുപ്പിന്റെ സർക്കുലർ നം.63/2021/ധന /02.08.2021 (എസ്.എഫ്.സി.ബി) പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം സെക്രട്ടറി അടുത്ത മാസം 10-ാം തീയതിക്കകം ആ തദ്ദേശ സ്ഥാപനത്തെ അറിയിക്കേണ്ടതും ആയത് പരിശോധിച്ച് മരണപ്പെട്ട ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സെക്രട്ടറിമാർ സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്. കടമക്കുടി ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുകയും എന്നാൽ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ക്ഷേമപെൻഷൻ വാങ്ങുന്നവരും ഉണ്ട്. ഇവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ നിലവിലും സസ്പെന്റ് ചെയ്യാതെ ആക്ടീവ് ആയി തുടരുന്നു. ഉദാഹരണം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പ്രാദേശിക ക്ഷേമനിധി ബോർഡ് | പെൻഷൻ തരം & പെൻഷണർ ഐ ഡി | മരണപ്പെട്ട തീയതി | പഞ്ചായത്ത് മരണ റിപ്പോർട്ട് രജിസ്ട്രേഷൻ നമ്പർ/ തീയതി | അനർഹമായ പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ച കാലയളവ് | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| സാവിത്രി കരുണൻ, മോതിരപ്പാടം, ബാലൻമേനോൻ റോഡ്, കലൂർ | കൊച്ചി കോർപ്പറേഷൻ | വാർദ്ധക്യകാല പെൻഷൻ, 101690200935 | 10-02-2025 | 15/2025 25-02-2025 | 03/2025 മുതൽ 07/2025 വരെ (4 മാസം) | 6,400/- |

മേൽ ചേർത്ത സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടത് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തെ നിലവിലും അറിയിച്ചിട്ടില്ല. ആയതിനാൽ സാമൂഹ്യസുരക്ഷാ പെൻഷൻ തുടർന്നും അനർഹമായി കൈമാറാൻ സാധ്യത നിലനിൽക്കുന്നു. ആയത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/14-09-2025) മറുപടി ലഭ്യമായില്ല. മേൽ ഗുണഭോക്താവ് മരണപ്പെട്ടത് ബന്ധപ്പെട്ട പ്രാദേശിക ക്ഷേമനിധി ബോർഡിനെ അറിയിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-15 ഗ്രാന്റ് വിഹിതം യഥാസമയം വിനിയോഗിച്ചില്ല : ₹20,46,701/- രൂപ നഷ്ടമായി.

വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം പഞ്ചായത്തിന് റിഡംപ്ഷൻ തുകയിനത്തിൽ (ഹെഡ് കോഡ് 431500199) ₹64,65,262/- തിരികെ ലഭിക്കാനുണ്ട്.

| | |
|---|---|
| 2023-24 വർഷം Traditional Functions Fund, LGTSB അക്കൗണ്ടിൽ (799013000001157) നിന്നും കുറവ് ചെയ്തത്. | ₹32,73,176/- |

| | |
|---|---|
| 2023-24 വർഷം ജോയിന്റ് വെഞ്ച്വർ പ്രോജക്ട്സ് STSB അക്കൗണ്ടിൽ (799011400001052) നിന്നും കുറവ് ചെയ്തത്. | ₹20,46,701/- |
| തൻവർഷം Traditional Functions Fund, LGTSB അക്കൗണ്ടിൽ(799013000001157) നിന്നും കുറവ് ചെയ്തത്. | ₹39,43,561/- |
| തൻവർഷം ജോയിന്റ് വെഞ്ച്വർ പ്രോജക്ട്സ് STSB അക്കൗണ്ടിൽ (799011400001052) നിന്നും കുറവ് ചെയ്തത്. | 0 |
| ആകെ | ₹92,63,438/- |
| 2024-25 വർഷം തിരികെ ലഭിച്ചത് - Traditional Functions Fund, LGTSB അക്കൗണ്ട് (799013000001157) | ₹32,73,176/- |
| 2024-25 വർഷം തിരികെ ലഭിച്ചത് - ജോയിന്റ് വെഞ്ച്വർ പ്രോജക്ട്സ് STSB അക്കൗണ്ട് (799011400001052) | 0 |

വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷം വർഷാവസാനത്തിൽ ₹64,65,262/- രൂപ തിരികെ ലഭിക്കാനുണ്ട്. തൻവർഷം Traditional Functions Fund, LGTSB അക്കൗണ്ടിൽ(799013000001157) നിന്നും കുറവ് ചെയ്ത ₹39,43,561/- 2025 ഏപ്രിലിൽ തിരികെ ലഭിച്ചിട്ടുണ്ട്. എന്നാൽ 2023-24 വർഷം ജോയിന്റ് വെഞ്ച്വർ പ്രോജക്ട്സ് STSB അക്കൗണ്ടിൽ (799011400001052) നിന്നും കുറവ് ചെയ്ത ₹20,46,701/- രൂപ നാളിതുവരെയും തിരികെ ലഭിച്ചിട്ടില്ല. സംയുക്ത പ്രോജക്ടിനായുള്ള ട്രഷറി അക്കൗണ്ടിൽ നിന്നും റിഡംപ്ഷൻ നടത്തിയിട്ടുള്ള തുകയാണിത്. 03.04.2024 ലെ 22/2024/ധന. നമ്പർ സർക്കുലർ പ്രകാരം ജോയിന്റ് വെഞ്ച്വർ ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും റിഡംപ്ഷൻ നടത്തിയിട്ടുള്ള തുക ഇനി റീഅലോട്ട് ചെയ്യില്ല എന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ഈ തുക തിരികെ ലഭിക്കാൻ സാദ്ധ്യതയില്ല. യഥാസമയം തുക വിനിയോഗിക്കാതിരുന്നതിനാൽ ഈ തുക പഞ്ചായത്തിന് നഷ്ടമായിട്ടുള്ളതാണ്. 431500199 – Receivables Of Redemption ലെഡ്ജർ പ്രകാരം 31-03-2022 ലെ ട്രഷറി റിഡംപ്ഷൻ ₹81,00,526 രൂപയിൽ ₹76,25,526/-രൂപ മാത്രമാണ് ലഭ്യമായത്. ഈ ഇനത്തിൽ ലഭ്യമാകാനുള്ള ₹4,75,000 രൂപയുടെ വ്യത്യാസം ഈ ഹെഡിൽ തുടർന്ന് വരുന്നു. മേൽ വിവരങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/17-09-2025) പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത ശേഷം തിരികെ ലഭിക്കാത്ത ₹20,46,701/- രൂപ 431500199 – Receivables Of Redemption ഹെഡിൽ നിന്ന് ഒഴിവാക്കുന്നതാണെന്ന് മറുപടി ലഭ്യമായി. സർക്കാർ ഗ്രാന്റുകൾ നഷ്ടപ്പെടാതെ യഥാസമയം വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. റിഡംപ്ഷൻ തുകയിൽ ലഭിക്കാനുള്ള ₹4,75,000/- രൂപ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 പൊതുടാപ്പുകളുടെ വെള്ളക്കരം - കുടിശ്ശിക കുറക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് 2011 ഡിസംബർ വരെ 190 പൊതുടാപ്പുകളുടെ വെള്ളക്കരം കൃത്യമായി അടവാക്കിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി 2011 നവംബർ, ഡിസംബർ മാസങ്ങളിൽ നടത്തിയ സംയുക്ത പരിശോധനയിൽ നിലവിലുള്ള പൊതുടാപ്പുകളുടെ എണ്ണം 379 ആണെന്ന് കണ്ടെത്തുകയും വാട്ടർ അതോറിറ്റി 2012 ജനുവരി മാസം മുതൽ 379 ടാപ്പുകളുടെ വെള്ളക്കരത്തിന് ബിൽ നൽകുകയും ചെയ്തിട്ടുണ്ട്. സംയുക്തപരിശോധന നടത്തിയതിന് പിന്നാലെ അധികമായി കണ്ടെത്തിയ 189 പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി (21/03/2012ലെ 29-ാം നമ്പർ തീരുമാനപ്രകാരം) പലതവണ വാട്ടർ അതോറിറ്റിയെ അറിയിച്ചിരുന്നുവെങ്കിലും വാട്ടർ അതോറിറ്റി തുടർനടപടികളൊന്നും സ്വീകരിച്ചില്ല. ഈ സാഹചര്യത്തിൽ മുമ്പ് നൽകിയിരുന്ന 190 പൊതുടാപ്പുകളുടെ വെള്ളക്കരം മാത്രമാണ് ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് തുടർ കണക്കുകളിൽ ഉൾപ്പെടുത്തിവരുന്നത്. എന്നാൽ വാട്ടർ അതോറിറ്റി 379 എണ്ണത്തിന്റെ തന്നെ ബിൽ തുകയാണ് രേഖപ്പെടുത്തി വന്നിരുന്നത്. ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്ത് നൽകിയ മാർച്ച് 2012 മുതൽ 2021 നവംബർ വരെ 379 ടാപ്പുകളുടെ ബിൽ തുക വച്ചാണ് വാട്ടർ അതോറിറ്റി കുടിശ്ശിക കണക്കാക്കിയിട്ടുള്ളത്. സർക്കാർ വിവിധ വർഷങ്ങളിൽ സ്രോതസ്സിൽ നിന്നും

കുറവ് ചെയ്തതും വാർഷിക പദ്ധതി പ്രകാരം നൽകിയതുമായ തുകകൾ ഇതിനിടെ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. മേൽ വിഷയങ്ങൾ സൂചിപ്പിച്ച്, അനധികൃതമായി കണ്ടെത്തിയ 189 ടാപ്പുകളുടെ വെള്ളക്കരം 2012 ജനുവരി മുതൽ കുറവ് ചെയ്ത് പുതിയ ഡിമാന്റ് നൽകണമെന്നും കൂടാതെ 2024 ജനുവരി മുതൽ തൻമാസ ഡിമാന്റ് തുക മാത്രം ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 27-12-2023 ൽ SC3-613/22 നമ്പർ കത്ത് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. എന്നാൽ നിലവിലും പുതിയ ഡിമാന്റ് ലഭിക്കുകയോ ഡിമാന്റ് നോട്ടീസിൽ നിന്ന് കുടിശ്ശിക ഒഴിവാക്കുകയോ ചെയ്തിട്ടില്ല.

നിലവിൽ 15 ടാപ്പുകൾക്കാണ് വെള്ളക്കരം. പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ 15 ടാപ്പിന് 18,199/- രൂപ വീതമാണ് പ്രതിമാസം വാട്ടർ ചാർജ്ജ് (ഫൈൻ, കുടിശ്ശിക ഉൾപ്പെടാതെ). വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശ്ശിക ഇനത്തിൽ വൻതുക അടവാക്കാൻ അവശേഷിക്കുന്നുണ്ട്. ഡിമാന്റ് നോട്ടീസ് നമ്പർ 93670/03.03.2025 പ്രകാരം 28.02.2025 ൽ അടവാക്കേണ്ട പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക 6,56,33,724/-രൂപയും ഫൈൻ 12,87,421/-രൂപയും തൻമാസത്തെ വെള്ളക്കരം 18,199/-രൂപയും അടക്കം ആകെ 6,69,39,344/- രൂപയാണ്. കുടിശ്ശിക യഥാസമയം അടവാക്കാത്തതിനാൽ പ്രതിമാസം 20,000/- രൂപക്ക് മുകളിൽ ഫൈൻ ഓരോ മാസവും വർദ്ധനവായി വന്നുകൊണ്ടിരിക്കുകയാണ്. മേൽ വിവരങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/15-09-2025) മറുപടി ലഭ്യമായില്ല. വെള്ളക്കര കുടിശ്ശിക കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-17 ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ പ്രോജക്ടുകൾ-വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കാതെ വിതരണം ചെയ്തു

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി തൻവർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന വിവിധ പ്രോജക്ടുകൾ മുഖേന വിവിധ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. ക്വട്ടേഷൻ ക്ഷണിച്ച്, പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്.

| പ്രോജക്റ്റ് നം, പേര് | അടങ്കൽ, ഫണ്ട് | ചെലവഴിച്ച തുക | സപ്ലയറുടെ പേര് |
|---|---|---|---|
| എസ്.ഒ 136/25-വിവിധ അങ്കണവാടികളിലേക്ക് പാത്രങ്ങൾ വാങ്ങൽ | 37000/- (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) | 36,960/- (ബിൽ നം. 116/20.11.24) | സിഡ്കോ എറണാകുളം |
| എസ്38/25- അങ്കണവാടി കുട്ടികൾക്ക് പ്രീ സ്കൂൾ സാമഗ്രികൾ, മറ്റു ഭൗതിക സൗകര്യങ്ങൾ | 117000/- (വികസനഫണ്ട്- ജനറൽ) + 18750/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം ) | 1,16,818/- (ബിൽ നം. 301/19.03.25) | എറണാകുളം ഹോൾസെയിൽ കോ.ഓപ്പറേറ്റീവ് - സൊസൈറ്റി ₹86,690/- & ത്രിവേണി സൂപ്പർ മാർക്കറ്റ് ഗാന്ധിനഗർ ₹30,128/- |
| എസ്38/25- വൃദ്ധജനങ്ങൾക്ക് കട്ടിൽ | 200000/- (വികസനഫണ്ട് -ജനറൽ) + 50000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം ) | ₹ 2,00,000/- (ബിൽ നം. 307/21.03.25) & ₹50,000/-(ബിൽ നം. 308/21.03.25) | സിഡ്കോ എറണാകുളം |

വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ എടുക്കാതെയാണ് വിതരണം ചെയ്തിരിക്കുന്നത്. ഇത് ശരിയായ രീതിയല്ല. വിതരണം ചെയ്ത സാധനങ്ങൾ ഗുണഭോക്താക്കൾ കൈപ്പറ്റിയതായി കാണുന്നുണ്ടെങ്കിലും, എത്ര സാധനങ്ങൾ വാങ്ങി എന്നതിന്റെ കൃത്യമായ കണക്ക് ലഭിക്കുന്നില്ല.

മുൻവർഷങ്ങളിലും വൃദ്ധജനങ്ങൾക്കുള്ള കട്ടിൽ വിതരണ പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുള്ളതാണ്. സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ലാത്തതിനാൽ ഇതുവരെ എത്ര കട്ടിലുകളുടെ വിതരണം പഞ്ചായത്തിൽ

നടത്തിയിട്ടുണ്ട് എന്നതിന്റെ വിവരം ലഭ്യമല്ല. പ്രസ്തുത ആവശ്യത്തിലേക്ക് വരുംവർഷങ്ങളിൽ പ്രോജക്ട് രൂപീകരിക്കേണ്ടതുണ്ടോയെന്ന് പരിശോധിക്കുന്നതിനും സ്റ്റോക്ക് രജിസ്റ്റർ ആവശ്യമാണ്.

വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ സൂക്ഷിക്കേണ്ടതും, അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 25/16.09.2025) മറുപടി ലഭിച്ചില്ല. വാങ്ങുന്ന സാധനങ്ങൾ കൃത്യമായ വിവരങ്ങളോടെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന് ശേഷം വിതരണം നടത്തേണ്ടതാണ്.

## 1-18 വിവിധ അങ്കണവാടികളുടെ മെയിന്റനൻസ്-പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ്.ഒ 161/25(99/24)<br>വിവിധ അങ്കണവാടികളുടെ മെയിന്റനൻസ് |
| കരാറുകാരന്റെ പേര് | ശ്രീ. ജോസഫ് പി.വി |
| സാങ്കേതികാനുമതി | LSGD/CE LSGD/EST/TS/106177/2023/16.10.23 ( 5മാസം) |
| കരാർ നം., PAC | 18/AE/LSGD/KDY/23-24 Dated 09.01.2024., ₹5,78,640/- |
| അളവ് പുസ്തകം | ഇ.എം.ബുക്ക് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ചെലവഴിച്ച തുക | ₹93,468/-ബിൽ നം 230/21.02.2025 (ഒന്നാം പാർട്ട് ബിൽ) |

2023-24 ലെ പ്രോജക്ട് നം. 99/24 വാർഡ് 3, 5, 12 എന്നിവയിലെ അങ്കണവാടികളുടെ മെയിന്റനൻസിനുള്ള പ്രവൃത്തിക്കായി ശ്രീ. ജോസഫ് പി.വി എന്ന കരാറുകാരനുമായി 09.01.2024 ൽ കരാറിലേർപ്പെട്ടിരുന്നു. സാങ്കേതികാനുമതി പ്രകാരം 5 മാസമാണ് പ്രവൃത്തി പൂർത്തീകരണ കാലാവധി. പ്രസ്തുത പ്രവൃത്തി തൻവർഷം സ്പിൽ ഓവർ പ്രോജക്ടായി (161/25) ഉൾപ്പെടുത്തിയെങ്കിലും ആ വർഷവും പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. ഒന്നാം പാർട്ട് ബിൽ പ്രകാരം കരാറുകാരന് റിട്ടെൻഷനും, നികുതികളും കിഴിച്ച് ₹88,318/- നൽകിയിട്ടുണ്ട്. പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും, കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷയോ, സപ്ലിമെന്ററി കരാറോ ഫയലിൽ കണ്ടില്ല. കൂടാതെ പൂർത്തീകരിച്ച പ്രവൃത്തിയുടെ അളവുകൾ 13.02.2024ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, പാർട്ട് ബിൽ നൽകിയത് വളരെ വൈകി 21.02.2025ൽ മാത്രമാണ്. ആയതിനും മേൽ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/12.09.2025) 17.02.2024 ൽ ബിൽ അംഗീകരിച്ചിരുന്നുവെങ്കിലും ആ സമയത്ത് മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഫണ്ടിന്റെ അലോട്ട്മെന്റ് ഇല്ലാതിരുന്നതുകൊണ്ടാണ് ബിൽത്തുക നൽകാൻ വൈകിയതെന്നാണ് മറുപടി നൽകിയത്. മറുപടി അംഗീകരിക്കുന്നില്ല. ഒരു വർഷത്തോളം വൈകി അടുത്ത സാമ്പത്തിക വർഷം അവസാനം മാത്രമാണ് (21.02.2025 ൽ) തുക നൽകിക്കാണുന്നത്. സ്പിൽ ഓവർ പ്രോജക്ടുകൾ അതതു സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കേണ്ടതാണെന്ന് പദ്ധതിമാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്.

മേൽ പ്രോജക്ട് പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതും, കാലാവധി ദീർഘിപ്പിച്ചതിന് നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്.

## 1-19 മരാമത്ത് പ്രവൃത്തിക്ക് ഇൻഷുറൻസ് എടുത്തതിന്റെ രേഖകളില്ല- പിഴ ഈടാക്കിയില്ല.

മരാമത്തു പ്രവൃത്തികളുടെ കരാറിൽ ഏർപ്പെടുന്ന കരാറുകാർ നിശ്ചിത തുകക്കുള്ള ഇൻഷുറൻസ് പോളിസി എടുത്തിരിക്കണമെന്ന് നിർദ്ദേശമുള്ളതാണ്. ടെണ്ടർ അംഗീകരിച്ചുകൊണ്ട് കരാറുകാരെ അറിയിക്കുന്ന Letter Of Acceptance ൽ ക്രമ നം. 6 ആയി ഈ വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കരാർ തുകയുടെ 0.5% എന്ന നിരക്കിൽ കുറഞ്ഞത് ₹2,00,000/- & പരമാവധി ₹5,00,000/-യുടെ കവറേജുള്ള പോളിസിയാണ് എടുക്കേണ്ടത്. പ്രവൃത്തി തുടങ്ങി 15 ദിവസത്തിനുള്ളിൽ പോളിസി രേഖകൾ ഹാജരാക്കേണ്ടതും, അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% പിഴയായി ഈടാക്കേണ്ടതുമാണ്. മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഭൂരിഭാഗം പ്രവൃത്തികളിലും ഇൻഷുറൻസ് രേഖകൾ ഉള്ളതായി കണ്ടില്ല. മാത്രമല്ല വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടുമില്ലായിരുന്നു. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന്(നം 05/12.09.2025) ഇൻഷുറൻസ് രേഖകൾ PRICE

Softwareൽ അപ്‌ലോഡ് ചെയ്തിരുന്നതായി അറിയിക്കുകയും, കോപ്പി ഹാജരാക്കുകയുമുണ്ടായി. എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട ഇൻഷുറൻസ് രേഖകൾ ഹാജരാക്കിയില്ല.

| പ്രവൃത്തിയുടെ വിവരം, കരാറുകാരന്റെ പേര്, പി.എ.സി | കരാർ നം, ചമച്ച തീയതി | ഈടാക്കേണ്ട പിഴ (0.2% നിരക്കിൽ) |
|---|---|---|
| 167/25-വട്ടപ്പൊറ്റ റോഡ് മെയിന്റനൻസ്, ജോസഫ് പി .വി, പി.എ.സി – ₹4,78,991/- | 01/AE/LSGD/ KDY/2024-25 07.06.2024 | ₹ 960/- |

മേൽ പ്രവൃത്തിയുടെ റിട്ടെൻഷൻ തുകയിൽ നിന്നും പിഴ ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-20 യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല.

ജി.ഒ(പി) 13/2012/പി.ഡബ്ല്യു.ഡി/തീയതി. 01.02.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ (സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനുള്ളിൽ) കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയിട്ടുള്ള ചുവടെ ചേർക്കുന്ന പ്രവൃത്തിയുടെ കരാറുകാരിൽ നിന്നും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും നിയമാനുസൃത പിഴ ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരം, കരാറുകാരന്റെ പേര്, പി.എ.സി | സെലക്ഷൻ നോട്ടീസ് തീയതി/ പിഴ കൂടാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയതി | കരാർ നം, ചമച്ച തീയതി | ഈടാക്കേണ്ട പിഴ (1% നിരക്കിൽ) |
|---|---|---|---|---|
| 1 | 167/25-വട്ടപ്പൊറ്റ റോഡ് മെയിന്റനൻസ്, ജോസഫ് പി .വി, പി.എ.സി -₹4,78,991/- | 13.03.2024/ 26.03.2024 | 01/AE/LSGD/ KDY/2024-25 07.06.2024 | ₹ 4,790/- |
| 2 | 28/25-കണ്ടനാട് കപ്പേള ഷാപ്പ് റോഡ് കാന കവർ സ്ലാബ്, ജോസഫ് പി .വി, പി.എ.സി -₹6,98,106/- | 07.11.2024/ 20.11.2024 | 07/AE/LSGD/ KDY/2024-25 23.12.2024 | ₹ 6,981/- |
| 3 | 155/25 - മൈത്രി റോഡ് മെയിന്റനൻസ്, ജോസഫ് പി .വി, പി.എ.സി -₹3,93,890/- | 13.03.2024/ 26.03.2024 | 02/AE/LSGD/ KDY/2024-25 07.06.2024 | ₹ 3,939/- |
| 4 | 181/25 - ഐലന്റ് ആർട്ട്സ് ക്ലബ് റോഡ് മെയിന്റനൻസ്, ജോസഫ് പി .വി, പി.എ.സി -₹4,24,422/- | 21.01.2025/ 03.02.2025 | 13/AE/LSGD/ KDY/2024-25 04.03.2025 | ₹ 4,244/- |
| 5 | 135/25-പോസ്റ്റോഫീസ് റോഡ് മെയിന്റനൻസ്, ജോസഫ് പി .വി, പി.എ.സി -₹4,62,013/- | 16.12.2023/ 29.12.2023 | 20/AE/LSGD/ KDY/2023-24 19.01.2024 | ₹ 4,620/- |
| 6 | 178/25-ഇന്ദിരാജി റോഡ് മെയിന്റനൻസ്, | 21.01.2025/ | 14/AE/LSGD/ KDY/2024-25 | ₹ 3,146/- |

| | | | | |
|---|---|---|---|---|
| | ജോസഫ് പി .വി,<br>പി.എ.സി -₹3,14,598/- | 03.02.2025 | 04.03.2025 | |
| | ആകെ | | | ₹27,720/- |

മേൽ പ്രവൃത്തികളുടെ കരാർ ചമയ്ക്കുന്നത് വൈകിയതുമായി ബന്ധപ്പെട്ട അപാകത പരിശോധിച്ച് മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 03/12.09.2025) ക്രമ നം. 2- കണ്ടനാട് കപ്പേള ഷാപ്പ് റോഡ് വർക്കുമായി ബന്ധപ്പെട്ട കരാർ വൈകിയതിന് ഫൈൻ ഈടാക്കിയിട്ടുണ്ടെന്നും, ക്രമ നം. 5, 6 എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഫൈൻ അടവാക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചു. ക്രമ നം. 4 ഐലന്റ് ആർട്ട്സ് ക്ലബ് റോഡ് മെയിന്റനൻസ് എന്ന വർക്കിന്റെ സൈറ്റിൽ PWD യുടെ ഒരു പദ്ധതി നിർദ്ദേശമുണ്ടായിരുന്നതിനാലും, അതിന്റെ തീരുമാനമറിയുന്നതിനുവേണ്ടി കാത്തിരുന്നതിനാലുമാണ് കരാർ ചമയ്ക്കാൻ വൈകിയതെന്നും അറിയിച്ചു. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് കരാർ വൈകിയതിനുള്ള വിശദീകരണം അംഗീകരിക്കുന്നു. ക്രമ നം. 1,03 എന്നീ പ്രവൃത്തികൾ സ്പിൽ ഓവർ പ്രോജക്റ്റുകളാക്കുമെന്ന വാർഡുമെമ്പറുടെ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് കരാർ ചമച്ചതെന്നാണ് മറുപടി നൽകിയത്. മറുപടി അംഗീകരിക്കുന്നില്ല. ഈ പ്രവൃത്തികളുടേയും കരാർ വൈകിയതിന് നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്. മേൽ പ്രകാരം ക്രമ നം. 2, 4 എന്നീ പ്രവൃത്തികളുടെ ഒഴികെ പിഴ ഈടാക്കി (4,790 + 3,939 + 4,620 + 3,146 = ₹16,495/-) വിവരം അറിയിക്കേണ്ടതാണ്.

## 1-21 പൂർത്തീകരണ കാലാവധി നീട്ടിയതിനുള്ള പിഴ ഈടാക്കിയില്ല

2012 ലെ കേരള പി.ഡബ്ല്യു.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം ഓരോ പ്രാവശ്യവും ദീർഘിപ്പിച്ച് നൽകാവുന്ന കരാർ കാലാവധി ദൈർഘ്യം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ മാത്രമാണ്. ഏതൊരു പ്രവൃത്തിയ്ക്കും അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ഒരു കാരണവശാലും ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശയോടെ ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതുമാണ്. എന്നാൽ ഇത് സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ അപൂർണ്ണമാണ്.

മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവ് പ്രകാരം കാലാവധി ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000/- രൂപ കൂടിയത് 50000/- രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിന് ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000/- രൂപ കൂടിയത് 100000/-രൂപ) എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ മതിയായ പിഴ ഈടാക്കാതെയാണ് ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികളിൽ ബിൽ തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ വിവരം | 164/25 മട്ടുമാസ്റ്റർ റോഡ് മെയിന്റനൻസ് വാർഡ് - 12 (സ്പിൽ ഓവർ) |
| അടങ്കൽ | ₹2,50,000 (മെയിന്റനൻസ് ഗ്രാന്റ് -റോഡ് ) |
| EPAC | ₹2,10,526/- |
| കരാറുകാരൻ | ജോസഫ് പി.വി |
| സാങ്കേതികാനുമതി | LSGD/CE LSGD/EST/TS/80309/2023/24.08.23 (4മാസം) |
| എഗ്രിമെന്റ് നം. | 19/AE/LID&EW/TGP/2023-24 തീയതി. 19.01.2023 |

| | |
|---|---|
| ചെലവഴിച്ച തുക, ബിൽ നം. | ₹1,99,719/-<br>139/13.12. 2024. |
| എം.ബുക്ക് നം. | E-MB |
| സൈറ്റ് കൈമാറിയ തീയതി | 29.01.2024 |
| പൂർത്തീകരിക്കേണ്ട തീയതി | 28.05.2024 |
| പൂർത്തീകരിച്ച തീയതി | 05.12.2024 |
| ഈടാക്കേണ്ടത് (3%) | 3 % Of 2,10,526 = ₹6,316/- |
| ഈടാക്കിയത് | 0 |
| കുറവ് | ₹6,316/- |

29.01.2024 ന് കരാറുകാരൻ സൈറ്റ് ഏറ്റെടുത്തിട്ടുണ്ട്. ഒറിജിനൽ കരാർ പ്രകാരം 4 മാസം പൂർത്തീകരണ കാലാവധിയുള്ള പ്രവൃത്തി 28.05.2024 ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ വളരെ വൈകി 05.12.2024 ലാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. പിഴ ഇല്ലാതെ 29.05.2024 മുതൽ 7 മാസത്തേക്കാണ് മേൽ പ്രവൃത്തി ദീർഘിപ്പിച്ച നൽകിയിട്ടുള്ളത്. ഏതൊരു പ്രവൃത്തിയ്ക്കും അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ഒരു കാരണവശാലും ദീർഘിപ്പിച്ച നൽകാവുന്നതല്ല എന്ന മരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥക്ക് വിരുദ്ധമാണിത്. കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള കരാറുകാരന്റെ അപേക്ഷ ഫയലിൽ ഇല്ല. വ്യക്തമായ കാരണമില്ലാതെ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽനിന്നും പിഴ ഈടാക്കാതെ കരാറുകാരന് തുക നൽകിയത് ക്രമപ്രകാരമല്ല. വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04/12.09.2025) കരാറുകാരനോട് പിഴ അടവാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതും, 2012 ലെ കേരള പി.ഡബ്ല്യു.ഡി മാനുവലിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം കാലാവധി ദീർഘിപ്പിക്കേണ്ടതുമാണ്.

## 1-22 ഗുണഭോക്തൃവിഹിതം മുഴുവനായും പിരിച്ചെടുത്തിട്ടും പ്രോജക്ട് പൂർണ്ണമായ ലക്ഷ്യം കൈവരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 10/25 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്ടിന്റെ പേര് | മത്സ്യബന്ധന വള്ളവും വലയും |
| ആകെ അടങ്കൽ തുക | ₹240000/-<br>(വികസന ഫണ്ട് - ജനറൽ) |
| ആകെ ചെലവ് | ₹1,59,900/- |
| ബിൽ നം./തീയതി | 316/21.03.25, ₹1,59,900/- |

2024-25 സാമ്പത്തിക വർഷം സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നടപ്പിലാക്കിയ മേൽ പ്രോജക്ടിന്റെ രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതുപ്രകാരം ₹1,59,900/- (ടെണ്ടർ ലിൻസൺ എ.പി. ക്ക് 129000/-, മത്സ്യഫെഡ് വ്യാസാ സ്റ്റോറിന് 30,000/-) എട്ട് ഗുണഭോക്താക്കൾക്കായി മത്സ്യബന്ധന വള്ളവും വലയും വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ടി പ്രോജക്ട് പ്രകാരം യൂണിറ്റ് നിരക്കിൽ (₹30000/-)ന്റെ 25 % (₹7500/-) തുക ഗുണഭോക്താവിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടയ്ക്കുകയും പദ്ധതിവിഹിതമായ 75% തുക സബ്സിഡിയായി ഗുണഭോക്താവിന് അനുവദിക്കുകയും ചെയ്യേണ്ടതാണ്. ഫിഷറീസ് ഇൻസ്പെക്ടർ ഗുണഭോക്തൃവിഹിതമായ ₹60,000/-, തൻവർഷം പിരിച്ചെടുത്ത് രസീത് നം.1240601493/06.03.25 & 1240601599/13.03.25 പ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ടെങ്കിലും ചെലവഴിച്ചിട്ടില്ല. തന്മൂലം ഗുണഭോക്താക്കൾക്ക് പ്രോജക്ട് പ്രകാരമുള്ള, വള്ളം മാത്രമേ ലഭ്യമായിട്ടുള്ളൂ. വല ലഭ്യമായിട്ടില്ല.

ഇതിനോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.24/10.09.25) മറുപടിയായി, ഗുണഭോക്താക്കൾ,

ഗുണഭോക്തൃവിഹിതം വൈകി അടവാക്കിയതിനാലാണ് വള്ളം, വല നൽകുന്ന സ്ഥാപനങ്ങൾക്ക് തുക കൈമാറാൻ കഴിയാതിരുന്നതെന്നും, നിലവിൽ സ്പിൽ ഓവർ പ്രോജക്ടായി തുക കൈമാറിയിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി.

മേൽ പ്രോജക്ടിന്റെ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്തിരിക്കുന്ന ഗുണഭോക്തൃവിഹിതം, അതത് സ്ഥാപനങ്ങൾക്ക് കൈമാറി, പ്രോജക്ട് പ്രകാരമുള്ള മത്സ്യബന്ധന വള്ളവും വലയും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കി, രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-23 തെരുവ് വിളക്ക് പരിപാലനം-അധിക തുക നൽകി

കടമക്കുടി ഗ്രാമപഞ്ചായത്തിലെ 2024-25 സാമ്പത്തിക വർഷത്തിലെ തെരുവ് വിളക്ക് പരിപാലനത്തിനുള്ള ടെണ്ടർ 8/2024 ലാണ് ക്ഷണിച്ചിട്ടുള്ളത്. 2023-24 സാമ്പത്തിക വർഷം കരാർ ഏറ്റെടുത്തിരുന്ന ആനി സോണിയ ഒടിപാട്ടിൽ, പിഴല എന്ന ആൾക്കു തന്നെ അതേ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് 2024-25 സാമ്പത്തിക വർഷത്തിലെ തെരുവ് വിളക്ക് പരിപാലനത്തിനുള്ള കരാർ ഉറപ്പിച്ചു നല്കിയത്. ആനി സോണിയ ഒടിപാട്ടിൽ, പിഴല എന്ന ആൾക്ക് പഞ്ചായത്തിൽ നിന്നും 12.08.2024 ലെ വൗച്ചർ 42400252 പ്രകാരം 5160 രൂപയും 4.10.24 ലെ വൗച്ചർ 42400340 പ്രകാരം 87726 രൂപയും അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി സംബന്ധമായ രേഖകളോ ശുപാർശകളോ പരിശോധനയ്ക്ക് ലഭിച്ചില്ല. രേഖകളുടെ അഭാവത്തിൽ 5160 + 87726 = 92886 രൂപ തടസ്സത്തിൽ വയ്ക്കുന്നു. ഈ വിഷയത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/15.9.2025) ലഭ്യമാക്കിയ മറുപടിയിൽ തുക അനുവദിക്കുന്നതിന് 27.09.2024 ലെ കമ്മിറ്റി അംഗീകരിച്ചതായി അറിയിച്ചു. പ്രസ്തുത നടപടി മൂലം പഞ്ചായത്ത് ഫണ്ടിന് 84066 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

മാത്രമല്ല 2024-25 സാമ്പത്തിക വർഷം സെക്രട്ടറിയെ നിർവ്വഹണചുമതല ഏല്പിച്ചിരുന്ന തെരുവ് വിളക്ക് പരിപാലനം പ്രോജക്ട് നം.84/25, തെരുവ് വിളക്ക് പരിപാലനം പ്രോജക്ട് നം.53/25(സ്പിൽ ഓവർ) എന്നിവയിൽ യഥാക്രമം വികസനഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയാണ് വകയിരുത്തിയിരുന്നത്. എന്നാൽ സുലേഖാ സ്റ്റേറ്റ്മെന്റിൽ യാതൊരു ചെലവും രേഖപ്പെടുത്തിയിട്ടില്ല. പരിശോധനയിൽ തനതുഫണ്ടിൽ നിന്നുമാണ് തുകകൾ ചെലവഴിച്ചിട്ടുള്ളത് എന്ന് വ്യക്തമായി. വാർഷിക ധനകാര്യപത്രികയിൽ പ്രസ്തുത ചെലവ് ഉൾപ്പെടാത്തത് പത്രികയുടെ കൃത്യതയെ ബാധിക്കുന്നതിനാൽ ഈ വിഷയത്തിൽ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഫണ്ട് മാറി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-24 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല - ₹1210811/- തടസ്സപ്പെടുത്തുന്നു

2024-25 സാമ്പത്തിക വർഷം കടമക്കുടി ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/13.9.2025) മറുപടി ലഭിച്ചില്ല. ആയതിനാൽ ചെലവ് തുക ₹1210811/- തടസ്സത്തിൽ വയ്ക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് | ചെലവ് വിവരം |
|---|---|---|---|---|---|
| 1 | 218/25, വൃത്തി - ക്ലീൻ കേരള കോൺക്ലേവ് | വികസന ഫണ്ട് | 25000/- | 25000/- | 497/24.3.25 |
| 2 | 91/25, സ്ട്രീറ്റ് ലൈൻ നീട്ടൽ | ധനകാര്യകമ്മീഷൻ അവാർഡ് | 200000/- | 168760/- | 44880-243/6.11.24<br>107917-244/6.11.24<br>12963-266/25.11.24 |
| 3 | 100/25, കുടിവെള്ളപൈപ്പ് നീട്ടൽ<br>151/25, കുടിവെള്ളപൈപ്പ് നീട്ടൽ | ധനകാര്യകമ്മീഷൻ അവാർഡ്<br>തനതുഫണ്ട് | 259000/-<br>700000/- | 130000/-<br>630000/- | 521/28.3.25<br>520/28.3.25 |

| | | | | | |
|---|---|---|---|---|---|
| 4 | 81/25, ഐകെഎം വിഹിതം | വികസന ഫണ്ട് | 47573/- | 47573/- | 277/12.12.24 |
| 5 | 182/25, കോക്ലിയാർ ഇംപ്ലാന്റ് മെയിന്റനൻസ് | വികസന ഫണ്ട് | 50000/- | 50000/- | 295/16.12.24 |
| 6 | 92/25, പോസ്റ്റ് മാറ്റൽ | ധനകാര്യകമ്മീഷൻ അവാർഡ് | 184000/- | 159478/- | 16064 –245/6.11.24<br>21007-267/25.11.24<br>62675 – 332/4.1.25<br>7587 - 333/4.1.25<br>21714 -491/23.3.25<br>30431-519/28.3.25 |
| | ആകെ | | | 1210811/- | |

## 1-25 ഡ്രൈവർമാക്ക് യാത്രബത്ത അനുവദിച്ചത് നിയമാനുസൃതമല്ല

സർക്കാർ ഡ്രൈവർമാർ ദൈനംദിന ജോലിയുടെ ഭാഗമായി വാഹനം ഓടിക്കുന്ന യാത്രകൾക്ക് യാത്രബത്ത അനുവദനീയമല്ല എന്നും എന്നാൽ ദീർഘദൂരയാത്ര നടത്തുമ്പോൾ ഹാൾട്ട് വരുന്ന സാഹചര്യത്തിൽ ദിനബത്ത അനുവദനീയമാണെന്നും കേരള സർക്കാർ ധനകാര്യ (വ്യയം - സി) വകുപ്പിന്റെ 27.10.2022 ലെ 2204261/വ്യയം -സി.1/102/2022/ധന. നമ്പർ കത്ത് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഈ വ്യവസ്ഥകൾ സർക്കാരിന് കീഴിലുള്ള എല്ലാ വകുപ്പുകളിലെയും ഡ്രൈവർമാക്ക് ബാധകമാണെന്ന് 15.02.2024 ലെ 2629474/വ്യയം - സി.1/ 104/2023/ധന. നമ്പർ കത്തിലും വ്യക്തമാക്കുന്നുണ്ട്. 2024-25 സാമ്പത്തിക വർഷം കടമക്കുടി ഗ്രാമ പഞ്ചായത്തിലെ തനതുഫണ്ടിൽ നിന്നും ഡ്രൈവർക്ക് യാത്രാബത്ത അനുവദിച്ചിട്ടുള്ളതായി നോൺപ്ലാൻ വൗച്ചറുകളുടെ പരിശോധനയിൽ ബോധ്യപ്പെടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ചെലവിനം | തുക | ചെക്ക് നമ്പർ |
|---|---|---|
| (01/2024മുതൽ 03/2024വരെയുള്ള കാലയളവിലേത്) | ₹4140/- | 224000179/1.6.2024 |
| (05/2024മുതൽ 07/2024വരെയുള്ള കാലയളവിലേത്) | ₹4375/- | 224000972/21.3.2025 |

ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/18.9.25) മറുപടി ലഭിച്ചില്ല. ഈ വിഷയത്തിൽ സ്പഷ്ടീകരണം തേടേണ്ടതാണ്.

## 1-26 ലഭ്യമായ ഫണ്ടുകൾ കാര്യക്ഷമമായി ഉപയോഗിച്ചിട്ടില്ല.

2024-25 സാമ്പത്തിക വർഷം കടമക്കുടി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തിരിച്ചടവുകൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുന്നതിന് 15.09.2025ൽ നല്കിയ ഓഡിറ്റ് എൻക്വയറി 18ന ലഭ്യമാക്കിയ മറുപടിയിൽ ചെലവഴിക്കാനാകാത്ത തുകകളാണ് തിരിച്ചടച്ചത് എന്ന് അറിയിച്ചു.

| ക്രമ നമ്പർ | വിഷയം | തുക | വൗച്ചർ നമ്പർ, തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | ജൈവവൈവിധ്യ പഠനത്തിനായി കേരളാസ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡിൽ നിന്നും ലഭിച്ച തുകയിൽ നിന്നും തിരിച്ചടച്ചത്. | 317621/- | 224000749/26.6.24 | ഉപയോഗിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല |
| 2 | Pbigfund ശുചിത്വ മിഷനിലേക്ക് തിരിച്ചടച്ചത്. | 192724/- | 24000789/1.2.25 | ഉപയോഗിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല |
| 3 | പിഎച്ച്സി കെട്ടിടത്തിന്റെ പുനർ നിർമ്മാണത്തിനു ലഭിച്ച NHM Fund തിരിച്ചടച്ചത്. | 2275000/- | 22401042/14.3.25 | ഉപയോഗിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല |

തനതു വരുമാനം കുറവുള്ള പഞ്ചായത്തിൽ ലഭിക്കുന്ന ഫണ്ടുകളുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പുവരുത്തി തുകകൾ തിരിച്ചടക്കേണ്ടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

1-27 വാഹനപരിപാലനം-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2024-25 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ വാഹനപരിപാലനത്തിനായി ചുവടെ ചേർക്കുന്ന തുകകൾ തനതുഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുള്ളതാണ്.

| ക്രമനമ്പർ | തുക | വൗച്ചർ നമ്പർ<br>തീയതി |
|---|---|---|
| 1 | 46597/- | 224000179/1.6.24 |
| 2 | 9516/- | 224010588/25.10.24 |
| 3 | 5639/- | 22401047/21.2.25 |
| 4 | 11893/- | 22401047/21.2.25 |
| 5 | 9092/- | 22401047/21.2.25 |
| 6 | 9754/- | 22401047/21.2.25 |

വാഹനപരിപാലനം സംബന്ധിച്ച് 15.9.2025 ൽ നല്കിയ ഓഡിറ്റ് എൻക്വയറി നം.20 ന മറുപടി ലഭിച്ചില്ല. ആയതിനാൽ ഓഡിറ്റ് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്തിൽ വാഹനങ്ങളുടെ ഇൻഷുറൻസ് എടുത്തിട്ടുള്ളത് ന്യൂ ഇൻഡ്യ ഇൻഷുറൻസിൽ നിന്നും ആണ്. സ.ഉ 819/2000/ധന തീയതി.18.4.2020 പ്രകാരം സർക്കാർ വാഹനങ്ങൾക്ക് കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിന്റെ തേർഡ് പാർട്ടി ഇൻഷുറൻസ് കവറേജാണ് ഉണ്ടാകേണ്ടത്. വാഹനങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുമ്പോൾ സർക്കാർ നിർദ്ദേശാനുസരണമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ജി.ഒ(പി)നം. 161/2006/ധന തീയതി 31-03-2006 പ്രകാരം സർക്കാർ വാഹനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുവാൻ വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, വാഹനത്തിന്റെ റിപ്പയർ, സുരക്ഷ തുടങ്ങിയവയുടെ വിവരം രേഖപ്പെടുത്തുന്നതിനായി ഫോറങ്ങൾ എന്നിവ നിശ്ചയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ആയവ സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3. വാഹനത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറക്കേണ്ടതാണെന്നും ഇന്ധന ഉപയോഗത്തിന്റെ അളവ് കാര്യമായി വർദ്ധിക്കുന്ന പക്ഷം ഉപയോഗക്ഷമത പുതുക്കി നിശ്ചയിക്കേണ്ടതാണെന്നും നിശ്ചിത ഇടവേളകളിൽ സർവ്വീസിംഗ് നടത്തേണ്ടതാണെന്നും മേൽ ഉത്തരവിൽ മാർഗ്ഗനിർദ്ദേശമുണ്ട്. വാഹനത്തിന് റിപ്പയർ & മെയിന്റനൻസ് ചെലവ് വർദ്ധിക്കുന്നത് നിരീക്ഷണവിധേയമാക്കി അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ഇന്ധനത്തിന്റെ ഉപയോഗക്ഷമത പരിശോധിക്കൽ

ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. ലോഗ് ബുക്ക് പ്രകാരം വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് 2024 ന് ശേഷം നടത്തിയിട്ടില്ല എന്ന് കാണുന്നു.

ഫ്യുവൽ ടെസ്റ്റ് സമയബന്ധിതമായി നടത്താത്തതിനാൽ വാഹനത്തിന്റെ മൈലേജ് ഗണ്യമായി കുറയുന്നുണ്ടോ എന്നും ഇന്ധനത്തിന്റെ ഉപയോഗം വർദ്ധിക്കുന്നുണ്ടോ എന്നും അറിയുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. ആയതിനാൽ സമയ ബന്ധിതമായി ഫ്യൂവൽ ടെസ്റ്റ് നടത്തേണ്ടതും ഇന്ധനത്തിന്റെ ഉപയോഗം നിരീക്ഷിക്കേണ്ടതുമാണ്.

5.വാഹന പുക ടെസ്റ്റ്

വാഹനങ്ങളുടെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

ജി.ഒ(പി)നം. 161/2006/ധന തിയതി 31-03-2006 പ്രകാരം നിശ്ചയിച്ചിട്ടുള്ള മാതൃകയിൽ വാഹനത്തിന്റെ വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിച്ചിട്ടില്ല.

പ്രതിമാസ, വാർഷിക സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ ഓരോ വർഷവും എത്ര ലിറ്റർ ഇന്ധനമാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. കൂടാതെ ഇന്ധനക്ഷമതാ ടെസ്റ്റ് നടത്താത്തതിനാൽ ഇന്ധന ക്ഷമതയുടെ കൃത്യത ഉറപ്പാക്കുവാനും സാധിച്ചിട്ടില്ല. വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിക്കേണ്ടതും മുകളിൽ പരാമർശിച്ചത് ഉൾപ്പെടെ വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-28 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം-ശുചിത്വ മിഷനിൽ നിന്നും വിഹിതം ലഭ്യമായിട്ടില്ല.

കടമക്കുടി ഗ്രാമപഞ്ചായത്ത് മാലിന്യ പരിപാലന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ വാർഡിലേയും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ (ഡബ്ല്യു എം) വകുപ്പിന്റെ 16.03.2024 ലെ ഡബ്ല്യുഎം3/66/2024-LSGD നമ്പർ സർക്കുലർ പ്രകാരം ശുചിത്വ മിഷനിൽ നിന്നും ലഭ്യമാകുന്ന വിഹിതമായ 10000/- രൂപയും തനത് ഫണ്ടിൽ നിന്നും 10000/- രൂപയും ചേർത്ത് വാർഡ് ഒന്നിന് 20000/- രൂപ വീതം ആകെ 260000/- രൂപ തനത് ഫണ്ടിൽ നിന്നും അനുവദിച്ച് വാർഡ് തല ആരോഗ്യ സമിതികളുടെ അക്കൗണ്ടുകളിലേക്ക് 31.5.24 ലെ 224000202 നമ്പർ വൗച്ചർ പ്രകാരം കൈമാറിയിട്ടുള്ളതാണ്. എന്നാൽ ശുചിത്വ മിഷനിൽ നിന്നും ലഭ്യമാകേണ്ട വിഹിതം ലഭ്യമായിട്ടില്ല. ആയത് ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 മോഡേൺ ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം -ചെലവ് ക്രമീകരണം വ്യക്തമല്ല

കടമക്കുടി ഗ്രാമപഞ്ചായത്ത് 1-ാം വാർഡിൽ മോഡേൺ ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം (പ്രൊജക്റ്റ് നം. 91/2021-22) എന്ന പ്രവൃത്തി ചെയ്ത് പഞ്ചായത്തിന് കൈമാറുന്നതിന് 14.03.2022 ൽ 23/AE/ LSGD/KDY എന്ന എഗ്രിമെൻറ് പ്രകാരം അസിസ്റ്റന്റ് എഞ്ചിനിയർ ഒന്നാംകക്ഷിയായും ശ്രീ. ജോസ് വർഗീസ് കുരീക്കൽ, കിഴക്കമ്പലം എന്ന കരാറുകാരൻ രണ്ടാം കക്ഷിയായും ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ളതും അതുപ്രകാരം കരാറുകാരൻ 60% പ്രവൃത്തി ചെയ്യുകയും 2100000/- രൂപയുടെ ബില്ലുകൾ കൈപ്പറ്റിയിട്ടുള്ളതുമാണ്. ബാക്കിയുള്ള പ്രവൃത്തി പൂർത്തീകരിച്ചു നൽകേണ്ടതിൻറെ ആവശ്യകത കരാറുകാരനെ ബോധ്യപ്പെടുത്തുകയും നിരവധി തവണ പ്രവൃത്തി പൂർത്തീകരിച്ചു തരുന്നതിന് കരാറുകാരന് അറിയിപ്പ് നൽകുകയും ചെയ്തെങ്കിലും നാളിതുവരെ കരാറുകാരൻ ടി പ്രവൃത്തി പൂർത്തീകരിച്ചു തന്നിട്ടില്ല എന്നും ആയതിനാൽ ടി കരാറുകാരൻ 10 ദിവസത്തിനകം പ്രവൃത്തി പൂർത്തീകരിച്ചു നൽകിയില്ല എങ്കിൽ Risk And Cost പ്രകാരം പ്രവൃത്തിയിൽ നിന്ന് കരാറുകാരനായ ശ്രീ ജോസ് വർഗീസ് കുരീക്കൽ എന്നയാളെ ഒഴിവാക്കുന്നതിനും ഉടമ്പടി പ്രകാരമുള്ള വ്യവസ്ഥകളിൽ വീഴ്ച വരുത്തിയിട്ടുള്ളതിനാൽ PWD മാനുവൽ പ്രകാരമുള്ള ശിക്ഷാ നടപടികൾ ടിയാനെതിരെ സ്വീകരിക്കുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ട് അസിസ്റ്റൻറ് എഞ്ചിനിയർ സമർപ്പിച്ച കത്ത് കമ്മിറ്റി ചർച്ച ചെയ്തു. ആയതുപ്രകാരം ടിയാൾക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് അസിസ്റ്റൻറ് എഞ്ചിനിയറെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുള്ളതുമാണ്.

ജോസ് വർഗ്ഗീസ് എന്ന വ്യക്തി കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും പ്രവൃത്തിയ്ക്കാവശ്യമായ തുക കൈപ്പറ്റിയിരുന്നതും ടി തുക പ്രവൃത്തിയുടെ ബിൽ തുകയിൽ നിന്ന് കെഎഫ്സിക്ക് നൽകുന്നതിനുമുള്ള കരാർ ഉണ്ടായിരുന്നതാണെങ്കിലും മേൽപ്പടി തുക കൈപ്പറ്റുവാൻ കെഎഫ്സിയെ ചുമതലപ്പെടുത്തുന്ന രേഖ പ്രാബല്യത്തിലുണ്ടെന്ന വിവരം മറച്ചുവെച്ച് കരാറുകാരൻ 20,26,356/- രൂപ കരാറുകാരന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതുമാണ്. ടി പ്രവൃത്തി ഒരു ക്രിമിനൽ കുറ്റമായതിനാൽ നിയമോപദേശം ലഭ്യമാക്കുന്നതിനായി പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, ബെഞ്ചമിൻ മെമ്പർ, സെക്രട്ടറി, അസി.എഞ്ചിനീയർ എന്നിവർ ബഹു ഹൈക്കോടതിയിൽ പഞ്ചായത്തിനുവേണ്ടി

ശ്രീ. കെ.പി. സതീശൻ എന്ന വക്കീലിനെ കാണുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. തൻവർഷം പ്രസ്തുത പ്രോജക്ടിന് അംഗീകാരം നേടിയിട്ടുള്ളതാണ് എന്കിലും നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഈ വിഷയത്തിൽ വിശദീകരണം നല്കുന്നതിനു 15.09.2025ൽ നല്കിയ ഓഡിറ്റ് എൻക്വയറി നം.19 നു ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ പ്രോജക്ട് പൂർത്തിയായതായി അറിയിച്ചു. എന്നാൽ പഞ്ചായത്തിനുണ്ടായ കഷ്ടനഷ്ടങ്ങൾ എപ്രകാരം ക്രമീകരിച്ചു എന്നത് വ്യക്തമല്ല. ആയത് വ്യക്തമാക്കേണ്ടതാണ്.

## 1-30 ലൈഫ് ഭവന നിർമ്മാണ പ്രോജക്ടുകൾ -സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷത്തിൽ താഴെ പറയുന്ന പ്രകാരം ലൈഫ് ഭവന നിർമ്മാണ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 112/25, ലൈഫ്ഭവന നിർമ്മാണം (SCP)<br>44/25, ലൈഫ്ഭവന നിർമ്മാണം (SCP) | 175125/-<br>365900/- | 175000/-<br>365000/- |
| 2 | 114/25, ലൈഫ് ഭവന നിർമ്മാണം ജനറൽ | 17225700/- | 200000/- |
| 3 | 45/25 ലൈഫ് ഭവന നിർമ്മാണം ജനറൽ | 125301799/- | 9493200/- |

പ്രസ്തുത പ്രോജക്ടുകളിൽ കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ രജിസ്റ്റർ എന്നിവ പരിശോധനക്ക് വിധേയമാക്കിയതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ മുൻവർഷങ്ങളിൽ പ്രവൃത്തികൾ ആരംഭിച്ചുവെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി വ്യക്തമായ കരാർ ചമച്ചതായി കാണുന്നില്ല. കരാറിലെ വ്യവസ്ഥകളിലെ ക്രമ നം. 4 പ്രകാരം കരാറിൽ ഏർപ്പെട്ട് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ആദ്യഗഡു തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | മാനസി | 140000 | 125.1.24 |
| 2 | ദീപാ കിഷോർ | 40000 | 20.2.2021 |
| 3 | ലീല | 340000 | 21.12.2022 |
| 4 | ആതിര | 300000 | 17.3.2023 |
| 5 | പത്മിനി | 195000 | 17.3.2023 |
| 6 | ശ്രീക്കുട്ടി | 300000 | 20.6.23 |
| 7 | പത്മാക്ഷി വേലപ്പൻ | 350000 | 20.6.23 |
| 8 | സിനി പി.ടി | 40000 | 25.2.23 |
| 9 | വിനിമോൾ | 355000 | 6.5.23 |
| 10 | സുബ്രഹ്മണ്യൻ | 40000/- | 25.10.23 |
| 11 | ശാരദ | 360000 | 31.3.23 |
| 12 | ജോയി പി.എ | 40000 | 19.02.24 |

കൂടാതെ താഴെ പറയുന്ന ഗുണഭോക്താക്കൾ മുൻവർഷങ്ങളിൽ പ്രവൃത്തികൾ ആരംഭിച്ചിട്ട് പ്രവൃത്തി പൂർത്തീകരിച്ചതായി രജിസ്റ്ററിൽ കാണിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും അനുവദിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അവസാനം തുക കൈപ്പറ്റിയ തീയതി |
|---|---|---|
| ഉണ്ണികൃഷ്ണൻ | 360000 | 27.06.2023 |

| | | |
|---|---|---|
| സതി | 300000 | 13.12.2024 |
| ടിന്റു സനീഷ് | 390000 | 13.12.2024 |

ഈ വിഷയത്തിൽ വിശദീകരണം നല്കുന്നതിന് 15.9.2025 ൽ നല്കിയ ഓഡിറ്റ് എൻക്വയറി നം.17 ന് ലഭ്യമാക്കിയ മറുപടിയിൽ ഭവന നിർമ്മാണം പൂർത്തിയാക്കിയ കേസുകളിൽ നമ്പറിംഗ് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നമുറയ്ക്ക് അവസാന ഗഡു നൽകുന്നതാണെന്നും, ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനും, അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-31 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ ധനകാര്യ കമ്മീഷൻ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യ കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ 3 സ്കീമുകളിലായിട്ടാണ് കടമക്കുടി ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം .

| ക്രമ. നം. | സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (എ) സബ് സെന്റേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ബി) പി.എച്ച്.സി. | | ₹2,80,478 | ₹7,34,865 (8,865 പലിശ ഉൾപ്പടെ) | ₹3,08,090 (5,090 പലിശ ഉൾപ്പടെ) |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിങ്ങ്ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | ₹27,97,392 (22,392 പലിശ ഉൾപ്പടെ) | ₹77,934 (പലിശ) |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | - | ₹1,29,049 | ₹3,96,338 (3,538 പലിശ ഉൾപ്പടെ) | ₹5,51,799 (3,369 പലിശ ഉൾപ്പടെ) |

*കുറിപ്പ്:* 2021-22 ലെ ഗ്രാന്റ് 2022-23 ലും 2022-23 ലേത് 2023-24 ലും 2023-24 ലേത് 2024-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്.

## 2. നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.

| ക്രമ. നം. | സ്കീം | 2021-22 (₹ | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (എ) സബ് സെന്റേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ബി) പി.എച്ച്.സി. | - | ₹2,78,027 | ₹7,26,000 | ₹1,17,529 |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിങ്ങ്ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | ₹27,75,000 |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | - | ₹1,27,949 | ₹3,92,800 | ₹1,11,586 |

ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം

| സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ബി) പി.എച്ച്.സി. | | | |
|---|---|---|---|
| പ്രോജക്റ്റ് | ചെലവ് | | |
| | 2022-23 | 2023-24 | 2024-25 |
| രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | ₹2,78,027 | ₹7,26,000 | ₹1,17,529 |
| കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | - | - | ₹27,75,000 |
| കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | ₹1,27,949 | ₹3,92,800 | ₹1,11,586 |

## 3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം .

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് കടമക്കുടി ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി സബ്സെന്റർ നിർമ്മിക്കുന്നതിന് ₹27,75,000/- രൂപ 2023-2024 ൽ ലഭ്യമായെങ്കിലും ഗ്രാമപഞ്ചായത്തിന് നിർമ്മാണം ആരംഭിക്കാൻ സാധിച്ചില്ല. നാഷണൽ ഹെൽത്ത് മിഷൻ മുഖേന ടി പ്രവൃത്തി നടപ്പിലാക്കുന്നതിന് ഈ തുക തൻവർഷം നാഷണൽ ഹെൽത്ത് മിഷനിലേക്ക് അടവാക്കി.

## 4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)

| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ബി) പി.എച്ച്.സി. (320100202) UBI A/C No.732902010003677 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. (320100203) UBI A/C No.732902010003686 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. (320100204) UBI A/C No.732902010003687 |
|---|---|---|---|
| മുന്നിരുപ്പ് | ₹11,316 | ₹27,97,392 | ₹4,638 |
| വരവ് (പലിശ ഉൾപ്പെടെ) | ₹3,08,090 | ₹77,934 | ₹5,51,799 |

| | | | |
|---|---|---|---|
| ആകെ | ₹3,19,406 | ₹28,75,326 | ₹5,56,437 |
| ചെലവ് (ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | ₹1,17,529 | ₹27,75,000 | ₹1,11,586 |
| നീക്കിയിരുപ്പ് | ₹2,01,877 | ₹1,00,326 | ₹4,44,851 |

## 1-32 ജൽജീവൻ മിഷൻ -അവലോകനം

കേരളത്തിൽ ജൽജീവൻ മിഷൻ നടപ്പാക്കുന്നതിന് 08.06.2020-ലെ സ.ഉ (കൈ) 37/2020/ജ.വി.വ നമ്പർ ഉത്തരവ് മുഖേന അഞ്ച് വർഷത്തേക്കുള്ള സംയുക്ത ഭരണാനുമതി നൽകി നിർവ്വഹണ സംവിധാനം അംഗീകരിച്ച് 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകി. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ.

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുന്നത് കൂടാതെ ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ട ഗുണനിലവാരത്തിൽ മുടങ്ങാതെ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.

കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. പഞ്ചായത്തും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും നേതൃത്വം വഹിക്കുന്ന ഗ്രാമപഞ്ചായത്ത് വാട്ടർ & സാനിട്ടേഷൻ മിഷനാണ് പദ്ധതി നടത്തിപ്പിന്റെ പ്രധാന ചുമതല വഹിക്കുന്നത്. മിഷന്റെ കർമ്മപദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വാട്ടർ & സാനിട്ടേഷൻ സമിതിയാണ് പഞ്ചായത്ത് തല കർമ്മപദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി ഡിസ്ട്രിക്റ്റ് വാട്ടർ & സാനിട്ടേഷൻ സമിതിക്ക് സമർപ്പിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കേരളത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ നൽകുവാനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയിൽ ഭാഗഭാക്കാകുവാനും ആയതിനായി 2020-2021ലേക്കുള്ള ഗ്രാമപഞ്ചായത്തുതല കർമ്മപദ്ധതിക്ക് അംഗീകാരം നൽകുന്നതിനും 22.09.2020 ലെ സാധാരണ യോഗത്തിലെ 21-ാം നമ്പർ തീരുമാനപ്രകാരം കടമക്കുടി ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. നടത്തിപ്പിനായി അടങ്കൽ തുകയുടെ 15% തുക ഗ്രാമപഞ്ചായത്ത് വിഹിതമായും, 10% തുക ഗുണഭോക്തൃവിഹിതമായും നിശ്ചയിച്ചുകൊണ്ട് തീരുമാനമെടുത്തു.

ജൽജീവൻ പദ്ധതിയ്ക്കായി കടമക്കുടി ഗ്രാമപഞ്ചായത്തിൽ 2021-2022 മുതൽ 2024-2025 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ രണ്ട് പ്രൊജക്ടുകൾ രൂപീകരിച്ച്, തുക വകയിരുത്തി പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ആയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | പ്രൊജക്ടിന്റെ പേര്/നം. | അടങ്കൽ | ചെലവ് |
|---|---|---|---|
| 2020-21 | ജൽജീവൻ മിഷൻ (172/2021) | 2,25,000/- | 2,25,000/- |
| 2021-22 | ജൽജീവൻ മിഷൻ ബാലൻസ് തുക നൽകൽ (33/2022) | 4,95,000/- | 4,95,000/- |

പ്രോജക്ടുകൾ മുഖേന 15% തുക ഗ്രാമപഞ്ചായത്ത് വിഹിതം അടവാക്കിയ വിവരങ്ങൾ ലഭ്യമാക്കിയെങ്കിലും ഗുണഭോക്തൃവിഹിതം 10% അടവാക്കിയ വിവരങ്ങൾ ലഭ്യമായില്ല. ജെ.ജെ.എം പ്രോജക്ടിന് വാട്ടർ അതോറിറ്റി 446 ഹൗസ് ഹോൾഡ് ടാപ്പിന് ആകെ 48,00,000/- രൂപയുടെ

എസ്റ്റിമേറ്റിന് പഞ്ചായത്ത് 15% വിഹിതം 72,00,000/- രൂപ മേൽ പ്രോജക്ടുകൾ പ്രകാരം നൽകുകയാണ് ചെയ്തത്. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം 217 ഗുണഭോക്താക്കളുടെ വിവരം മാത്രമാണുള്ളത്. അവശേഷിക്കുന്ന 229 ഹൗസ് ഹോൾഡ് ടാപ്പ് ഗുണഭോക്താക്കളുടെ വിവരം ലഭ്യമായില്ല. ഈ വ്യത്യാസം സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം.29/17-09-2025) നൽകിയെങ്കിലും മറുപടിയിൽ ടി വിഷയം സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഇല്ല. അധികം തുക വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ടോ എന്ന് പരിശോധിച്ച് വിവരം അറിയിക്കേണ്ടതാണ്. 446 ഗുണഭോക്താക്കൾക്ക് മേൽ ജെ.ജെ.എം പ്രോജക്റ്റ് മുഖേന വാട്ടർ കണക്ഷൻ ലഭിച്ചെങ്കിൽ ഈ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെരുവ് വിളക്ക് പരിപാലനം-അധിക തുക നൽകി

കടമക്കുടി ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം തെരുവ് വിളക്ക് പരിപാലനത്തിനുള്ള ടെണ്ടർ 6.5.2023 ൽ ക്ഷണിച്ചപ്പോൾ നാലുലക്ഷം രൂപ അടങ്കൽ തുകയിൽ ജി.എസ്.ടി ചാർജ് ഉൾപ്പടെയുള്ള ലേബർ ചാർജ്ജ് ക്വോട്ടുചെയ്യുന്നതിനാണ് ടെണ്ടർ നോട്ടീസിൽ പറഞ്ഞിരുന്നത്. പ്രസ്തുത ടെണ്ടറിൽ ഏററവും കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത ആനി സോണിയ ഒടിപാട്ടിൽ എൻറ്റ്രീ എന്റർപ്രൈസസ്, പിഴല എന്ന ആൾക്ക് ടെണ്ടർ നോട്ടീസിൽ പറഞ്ഞിരുന്ന നിബന്ധനകളോടെ 2024 മാർച്ച് 31 മുതൽ 2025 മാർച്ച് 31 വരെ ഒരു വർഷക്കാലത്തേക്ക് കരാർ ഉറപ്പിച്ചു നല്കി.

2023-24 സാമ്പത്തിക വർഷം തെരുവ് വിളക്ക് പരിപാലനത്തിനുള്ള തുക ₹360000/- ആനി സോണിയ ഒടിപാട്ടിൽ എൻറ്റ്രീ എന്റർപ്രൈസസ്, പിഴല എന്ന ആൾക്ക് 31.03.2024 നുള്ളിൽ അനുവദിച്ചിരുന്നതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ, തീയതി | തുക |
|---|---|
| 186, 27.02.2024 | 240000/- |
| 326, 31.03.2024 | 120000/- |

എന്നാൽ പ്രസ്തുത സ്ഥാപനം 17.6.2024ൽ നല്കിയ ടാക്സ് ഇൻവോയ്സിൽ ജി.എസ്.ടി അധീഷണലായി ഡിമാന്റ് ചെയ്യുകയും അതിൻ പ്രകാരം പഞ്ചായത്തിൽ നിന്നും തുക അനുവദിക്കുകയും ചെയ്തു. വിശദവിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ, തീയതി | തുക<br>ലേബർ ചാർജ്, എസ്ജിഎസ്ടി, സിജിഎസ്ടി |
|---|---|
| 42400212, 18.07.2024 | 102484 (86850+7817+7817) |
| 42400218, 22.07.2024 | 21582 (18290+1646+1646) |

31.03.2024 നുള്ളിൽ അനുവദിച്ചിരുന്ന ₹360000/- കൂടാതെയാണ് ₹124066 7/24 ൽ അനുവദിച്ചത്. അടങ്കൽ തുക 4 ലക്ഷത്തിൽ അധികരിച്ച് നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ആകെ നല്കിയ തുക : 360000 + 124066=484066.

അടങ്കൽ തുക : 4 ലക്ഷം

അധികം നല്കിയ തുക : 84066 രൂപ.

സ.ഉ (കൈ) നം115/2022 ത.സ്വ.ഭ.വ തീയതി. 28.05.2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.20 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ തീയതി. 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്. ആയതിനാൽ സാധനങ്ങൾക്കും സേവനങ്ങൾക്കും ജി.എസ്.ടി അധീഷണലായി അനുവദിക്കുന്നത് നിയമവിരുദ്ധമാണ്.

അടങ്കൽ തുക 4 ലക്ഷത്തിൽ അധികരിച്ച് നല്കിയ തുക ₹84066 ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/ MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം / അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ

| ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 16 | ₹76,500* | ₹70,000 | ₹6500 | - |

* 13 ജീവനക്കാർ X ₹500 X 9 മാസം = ₹58,500

12 ജീവനക്കാർ X ₹500 X 3 മാസം = ₹18,000

ഒടുക്കാൻ അവശേഷിക്കുന്ന 6500/-രൂപ 4/2025ൽ ഒടുക്കിയിട്ടുണ്ട്.

2. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ).

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.04.2024 മുതൽ 30.06.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | | |

3. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ).

| ജീവനക്കാരുടെ | മെഡിസെപ് പ്രീമിയം | മെഡിസെപ് | ഒടുക്കാൻ | റിമാർക്സ് |
|---|---|---|---|---|

| എണ്ണം | ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ബാക്കി നിൽക്കുന്ന തുക | |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | |

4. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ).

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.08.2024 മുതൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | | |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2024-25 ഓഡിറ്റിന്റെ ഭാഗമായാണ് വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തിയിട്ടുള്ളത് | |

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹500.00 | മില്ലറ്റ് ഗ്രാമം (76/25) | ₹500.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹6,50,000.00 | ലൈഫ് ഭവന നിർമ്മാണം – എസ്.സി (44/25) | ₹6,50,000.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹50,000.00 | ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ (107/25) | ₹50,000.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹7,670.00 | അങ്കണവാടി അനുപൂരക പോഷകാഹാരം (104/25) | ₹7,670.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹30,510.00 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (106/25) | ₹30,510.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹50,000.00 | നിരാലംബർ,കിടപ്പുരോഗികൾ, വയോജനങ്ങൾ എന്നിവർക്ക് കട്ടിൽ – സ്നേഹകട്ടിൽ(19/25) | ₹50,000.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹2,50,000.00 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്(21/25) | ₹2,50,000.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹2,50,000.00 | അങ്കണവാടികളിൽ അനുപൂരക പോഷകാഹാരം (17/25) | ₹2,50,000.00 | ₹0.00 |

| | | | | | |
|---|---|---|---|---|---|
| | | | (41/25) | | |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹99,910.00 | വയോജനങ്ങൾക്ക് കട്ടിൽ (105/25) | ₹99,910.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹13,086.00 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി (13/25) | ₹13,086.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹35,427.00 | ക്ഷീര സംഘങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി (116/25) | ₹35,427.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹2,00,000.00 | ലൈഫ് ഭവനനിർമ്മാണം ജനറൽ (114/25) | ₹2,00,000.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹15,77,500.00 | ലൈഫ് ഭവനനിർമ്മാണം ജനറൽ (45/25) | ₹15,77,500.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹4,40,500.00 | ഐലന്റ് ആർട്സ് ക്ലബ്ബ് റോഡ് കാന നവീകരണം വാർഡ് 4 സംയുക്തം (181/25) | ₹4,40,500.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹4,49,386.00 | കണ്ടനാട് കപ്പേള ഷാപ്പ് കടവ് റോഡ് മെയിന്റനൻസ് കാന കവർ സ്ലാബ് വാർഡ് 5 സംയുക്തം (28/25) | ₹4,49,386.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹4,95,053.00 | എം എൽ എ ജോസഫ് റോഡ് നിർമ്മാണം വാർഡ് 10 സംയുക്തം (134/25) | ₹4,95,053.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹3,05,000.00 | വിജയഭേരി – പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് (72/25) | ₹3,05,000.00 | ₹0.00 |
| ആകെ | | ₹49,04,542.00 | | ₹49,04,542.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹2,000.00 | മില്ലറ്റ് ഗ്രാമം (76/25) | ₹2,000.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹2,60,000.00 | ലൈഫ് ഭവന നിർമ്മാണം – എസ് സി (112/25) | ₹2,60,000.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹80,500.00 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (21/25) | ₹80,500.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹18,750.00 | ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം (117/25) | ₹18,750.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹8,80,000.00 | ലൈഫ് ഭവനനിർമ്മാണം ജനറൽ (45/25) | ₹8,80,000.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹1,56,435.00 | മാളിയേക്കൽ റോഡ് പൂർത്തീകരണം വാർഡ് 9 (156/25) | ₹1,56,435.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹10,86,532.00 | കോതാട് തെക്കേഫെറി റോഡ് ഇന്റർ ലോക്ക് വിരിക്കലും കാനയുടെ പൂർത്തീകരണവും വാർഡ് 7 (103/25) | ₹10,86,532.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹1,50,000.00 | വിജയഭേരി – പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് (72/25) | ₹1,50,000.00 | ₹0.00 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹40,000.00 | എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (109/25) | ₹40,000.00 | ₹0.00 |
| ആകെ | | ₹26,74,217.00 | | ₹26,74,217.00 | ₹0.00 |

## 4-4 നിക്ഷേപ പ്രവൃത്തികളുടെ വിവരം

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ വിവിധ നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

| വർഷം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 2024-25 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (S0091/25) | 42401241/31-03-25 | ₹1,68,760/- | 0 | ₹1,68,760/- |
| 2024-25 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിലെ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (S0092/25) | 42401242/31-03-25 | ₹1,59,478/- | 0 | ₹1,59,478/- |
| 2024-25 | കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ (S00100/25) | 42401243/31-03-25* | ₹6,30,000/- | 0 | ₹6,30,000/- |
| 2024-25 | കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ (S00151/25) | 42401243/31-03-25 | ₹1,30,000/- | 0 | ₹1,30,000/- |

കുറിപ്പ്:

* കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ (S00100/25), കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ (S00151/25) പ്രോജക്ടുകളുടെ ആകെ ചെലവ് ₹7,60,000/- ഒരു വൗച്ചർ നമ്പറിലാണ്(42401243/31-03-25) ഐ.എൽ.ജി.എം.എസ് ൽ രേഖപ്പെടുത്തിയത്.

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-6 വായ്പ / വായ്പ തിരിച്ചടവ്

| ഹെഡ് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 330500202 HUDCO | ₹0 | ₹1,08,80,000 | ₹1,08,80,000 | 27,42,734 | - | ₹81,37,266 |

| ജി.ഒ.പ്രോജക്ട് തിരിച്ചടവിന്റെ വിവരം | | |
|---|---|---|
| നമ്പർ | പേര് | തുക |
| 216/25 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) - രണ്ടാം ഗഡു | ₹3,39,086 |

| | | |
|---|---|---|
| 217/25 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) – മൂന്നാം ഗഡു | ₹3,39,086 |
| ആകെ | | ₹6,18,172 |

*കുറിപ്പ്:-*

2024-25 സാമ്പത്തിക വർഷം മേൽ ചേർത്ത രണ്ട് പ്രോജക്ടുകളിലൂടെയാണ് HUDCO വായ്പ ₹6,18,172/- തിരിച്ചടച്ചത്. 2022-2023, 2023-2024 സാമ്പത്തിക വർഷങ്ങളിൽ വികസനഫണ്ടിൽ ഉത്ഭവത്തിൽ കുറവ് ചെയ്ത ₹20,64,562/- ഈ വർഷമാണ് വാർഷിക ധനകാര്യപത്രികയിൽ ക്രമീകരിച്ചത്.

## 4-7 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-8 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപ്പേര് | രശീത് നമ്പർ തീയതി | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|---|
| 2006-07 | 3-4 | ₹1,361 | അസിസ്റ്റന്റ് എഞ്ചിനീയർ | 1240600481/28.9.2024 | 180400103 |
| 2023-24 | 1-15 | ₹144 | ഫ്രാൻസിസ് സ്റ്റാൻലി | 1240500159/14.8.2024 | 180400301 |
| ആകെ | | ₹1,505 | | | |

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഒന്നുമില്ല.

## 4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | ₹4,54,19,068.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹3,57,38,043.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹84066.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1303697.00 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 84066 | ശ്രീ. നവീൻ രാജൻ, സെക്രട്ടറി, കടമക്കുടി ഗ്രാമപഞ്ചായത്ത് |
| ആകെ | 84066 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | ₹92,886.00 | ശ്രീ. നവീൻ രാജൻ, സെക്രട്ടറി, കടമക്കുടി ഗ്രാമപഞ്ചായത്ത് |
| 1-24 | ₹1210811.00 | ശ്രീ. നവീൻ രാജൻ, സെക്രട്ടറി, കടമക്കുടി ഗ്രാമപഞ്ചായത്ത് |
| ആകെ | ₹1303697.00 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും
സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. നവീൻ രാജൻ,<br>സെക്രട്ടറി,<br>കടമക്കുടി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി | 63/725 എ, ആതിര,<br>കാട്ടുക്കര റോഡ് (W),<br>കലൂർ, കൊച്ചി – 682017 |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ(പി3) 921/01 തീയതി 07-12-2001 |
| 1999-2000 | എൽ.എഫ്.ഇ(പി3) 1646/01 തീയതി 03-06-2002 |
| 2000-01 | എൽ.എഫ്.ഇ(പി3) 329/05 തീയതി 06-01-2006 |
| 2001-02 | എൽ.എഫ്.ഇ(പി3) 1345/03 തീയതി 05-02-2004 |
| 2005-06 | എൽ.എഫ്.ഇ(പി3) 1347/09 തീയതി. 27-05-2010 |
| 2006-07 | എൽ.എഫ്.ഇ(പി3) 1375/09 തീയതി. 12-02-2001 |
| 2007-08 | എൽ.എഫ്.ഇ(പി8) 1066/10 തീയതി 01-08-2011 |
| 2008-09 | എൽ.എഫ്.ഇ(പി8) 1067/10 തീയതി 01-08-2011 |
| 2009-10 | എൽ.എഫ്.ഇ(പി8) 996/11 തീയതി 10-04-2012 |
| 2010-11&2011-12 | എൽ.എഫ്.ഇ(പി6) 1310/13 തീയതി18-07-2013 |
| 2012-13&2013-14 | എൽ.എഫ്.ഇ(പി10) 1899/14 തീയതി. 21-01-2015 |
| 2014-15 | കെ.എസ് .എ ഇ.കെഎം(പി10) 883/216 തീയതി 06.06.2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി10)2125/216 തീയതി 15.12.216 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി10) 1271/17 തീയതി 17.07.17 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി 10)12/19 തീയതി.30-01-19/07-03-19 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം.(പി 10)2099/19 തീയതി. 01.02.2020 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം.(പി 10)1286/21 തീയതി.08.12.2021 |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം.(പി 10)1287/21 തീയതി.06.01.2022 |
| 2021-22 | കെ.എസ്.എ.-ഇ.കെ.എം.(പി 10)2288/22 തീയതി.06.02.2023 |

| | |
|---|---|
| 2022-23 | കെ.എസ്.എ.-ഇ.കെ.എം.(പി 10)1716/23 തീയതി.14.12.2023 |
| 2023-24 | കെ.എസ്.എ.-ഇ.കെ.എം.(പി 10)1173/23 തീയതി.11.03.2025 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം, ജില്ലാ ഓഡിറ്റ് കാര്യാലയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(7) dated 01-07-2025 and submitted on 04-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Kadamakkudy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kadamakkudy Grama Panchayat as on 31-03-2025

Date: 29/11/2025

Deputy Director
District Office Ernakulam
Kerala State Audit Department

**Audit Report appended to the Audit Certificate of Kadamakkudy Grama Panchayat for the Year 2024-2025 .**

**1.Major Observations**

NIL

**2.Other Observations**

1. Non inclusion of notes to accounts in financial statements and non-disclosure of material facts.

2. Cash Flow statement Net increase / decrease in cash flow does not match with difference between opening balance and closing balance.

3. Mismatch of Property tax amount in between annual financial statements and Sanchaya

4. Joint Venture Project - Block Panchayat Share Expenditure - There is a difference of Rs. 44,050/- between the Sulekha Expenditure Report and the Annual Financial statements.

5. Maintenance Grant expenditure accounted as capital expenditure inspite of revenue expenditure.

6. Project implementation expenditure of all projects does not include in the Sulekha statement.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്